

കേരള സ® ക്കാ®

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നന്ദിയോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോ® ട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയി® : lfadtvm@yahoo.in
ഫോ® : 0471-2331231

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : കെ.എസ്.എ.റ്റി.വിഎം./ജിപി.13/1849/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/12/2024
ഇ-മെയി® : lfadtvm@yahoo.in
ഫോ® : 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്ദിയോട് ഗ്രാമപഞ്ചായത്ത്

സ® ,

വിഷയം : നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥക® പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുടൻ® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® / തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പക® പ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പ® : കെ.എസ്.എ.റ്റി.വിഎം./ജിപി.13/1849/2024 തീയ്യതി: 18/12/2024

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ®ട്ട്.

(1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുത® 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി® നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി® കണ്ടെത്തിയ അപാകതക® അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുക® ന® കിയതി® 40 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® മേലുള്ള തുട® നടപടിക® സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി® നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി® തയ്യാറാക്കി ഈ റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി® മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ®:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ്കുമാർ.ആർ	ഡെപ്യൂട്ടി ഡയറക്ടർ	11-11-2024	20-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
11-11-2024	20-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥ®:

ശ്രീമതി ലീന പി. ബി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ശാലിനി വി. കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അൻവർരാജ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അക്ഷര ബി. എസ്, ഓഡിറ്റർ

(ബി)നി® വഹണാധികാരിക®

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ശൈലജ രാജീവൻ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. കൃഷ്ണകുമാർ ഇ. എസ്.	സെക്രട്ടറി	01-04-2023	31-03-2024

നി® വ്വഹണഉദ്യോഗസ്ഥ®

പേര്	ഉദ്യോഗപ്പേര്	തീയ (മുത
ശ്രീ.രാജേഷ് .എ	അസിസ്റ്റന്റ് സെക്രട്ടറി	01-04 2023
ശ്രീമതി. ലേഖ.കെ.ആർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04 2023
ഡോ.സ്മിത.എസ്.പിള്ള	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04 2023
ഡോ. ദിവ്യ.പി.എസ്	വെറ്റിനറി സർജൻ	01-04 2023
ശ്രീ.സനൽകുമാർ.വി.കെ	വി.ഇ.ഒ. സർക്കിൾ 1	01-04 2023
ശ്രീ.ഗൗരീശങ്കർ .എസ്	വി.ഇ.ഒ. സർക്കിൾ 1	20-07 2023
ശ്രീമതി. സ്മിതരാജ്	വി.ഇ.ഒ. സർക്കിൾ 1	31-07 2023
ശ്രീ.ഗൗരീശങ്കർ .എസ്	വി.ഇ.ഒ. സർക്കിൾ 1	27-08 2023
ശ്രീ.ദീജു.എസ്.എസ്	വി.ഇ.ഒ. സർക്കിൾ 1	01-09 2023
ശ്രീമതി. രഞ്ജിത.ആർ	വി.ഇ.ഒ. സർക്കിൾ 2	01-04 2023
ശ്രീ.ഗൗരീശങ്കർ .എസ്	വി.ഇ.ഒ. സർക്കിൾ 2	20-07 2023
ശ്രീമതി. ലത.വി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04 2023
ശ്രീമതി. വിജയലക്ഷ്മി.ബി	ഹെഡ്മിസ്ട്രസ്	01-04 2023
ശ്രീമതി.വിജയശ്രീ.എം.എസ്	ഹെഡ്മിസ്ട്രസ്	14-06 2023
ശ്രീമതി. ദീപ.ബി.ആർ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04 2023
ഡോ. പി.ആർ.മനോജ്	അസിസ്റ്റന്റ് സർജൻ, എഫ്.എച്ച്.സി	01-04 2023

ശ്രീമതി. അതിഭ.പി.ബി	കൃഷിഓഫീസർ	01-04 2023
ശ്രീ.സുകുമാരൻനായർ.എ	കൃഷിഓഫീസർ	10-08 2023
ശ്രീമതി. സരിതാമോൾ.എ	കൃഷിഓഫീസർ	11-09 2023
ശ്രീ.സുകുമാരൻനായർ.എ	കൃഷിഓഫീസർ	01-02 2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല	1-1-2
4	MGNREGS ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള(ഭരണപരമായ) മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-3
5	വരവിനേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു	1-1-4
6	ILGMS ൽ നിലവിൽ ഇല്ലാത്ത അക്കൗണ്ട് RP(40a)&RP(40b) യിൽ ഉൾപ്പെട്ടിരിക്കുന്നു	1-1-5
7	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-6
8	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല	1-1-7
9	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന വിധത്തിൽ ആവശ്യമായ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല	1-1-8
10	റീകൺസിലിയേഷൻ നടത്തിയതിൽ അപാകം	1-1-9
11	Directly Debited By Bank - തുകയിൽ അവ്യക്തത	1-1-10
12	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-11
13	Sub Treasury Nedumangad (799013000000975) ബാങ്ക് ബുക്ക് 31.03.2024-ൽ 1,38,311/- രൂപയുടെ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു	1-1-12
14	കെട്ടിടനികുതി (Nonresidential) ഡിമാന്റ് എ.എഫ്.എസിൽ ഉൾപ്പെടുത്തിയതിൽ അപാകത	1-1-13
15	സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-14
16	ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല	1-1-15
17	കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-16

18	നല്കി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല	1-1-17
19	വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.	1-1-18
20	സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക മാറ്റിയില്ല	1-1-19
21	ബാങ്ക് സ്റ്റേറ്റുമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-1-20
22	വാർഷിക ധനകാര്യപത്രിക - മറ്റ് അപാകങ്ങൾ	1-1-21
23	ബജറ്റ്	1-2
24	സാമ്പത്തിക നില	1-3
25	ഗ്രാന്റ് വിനിയോഗം -അപാകതകൾ	1-4-1
26	ഗ്രാന്റുകളുടെ വിനിയോഗം	1-4
27	പദ്ധതി അവലോകനം	1-5
28	ക്ഷേമ പദ്ധതികൾ	1-6
29	ക്യാഷ് പരിശോധന	1-7
30	ആഭ്യന്തരനിയന്ത്രണം	1-8
31	പോർട്ട് ലാന്റ് സിമന്റിന് തുക -നിർദ്ദേശം പാലിക്കുന്നില്ല	1-9-1
32	വാളൻകുഴി പ്രദേശത്തെ തൊഴിലുറപ്പ് ഭേദഗതി പട്ടിക 5-ൽ ഉൾപ്പെട്ടവരുടെ ഭൂമിയിൽ മണ്ണുജലസംരക്ഷണം - അപാകതകൾ	1-9-2
33	വിട്ടിക്കാട് ചോനൻവിള റോഡ് കോൺക്രീററിംഗ് അപാകതകൾ	1-9-3
34	തൊഴിലുറപ്പ് പദ്ധതി	1-9
35	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
36	പാരാമെഡിക്കൽ സ്ഥാപനം FTE & OS ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു	1-11
37	രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-12
38	ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു	1-13
39	യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല	1-14
40	സമയബന്ധിതമായി ലേലം നടക്കാത്തതുമൂലം വരുമാന നഷ്ടം	1-15
41	വാടക കുടിശ്ശിക നിലനിൽക്കുന്നു	1-16

42	കെട്ടിടനികുതി പുതുക്കിയ നിരക്കിൽ നിശ്ചയിച്ചില്ല	1-17
43	വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.	1-18
44	ഹരിത കർമ്മ സേനാ പ്രവർത്തനങ്ങൾ	1-19
45	വീട് പുനരുദ്ധാരണം-പട്ടികജാതി വിഭാഗം-മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകി	1-20
46	ലൈഫ് ഭവന പദ്ധതി - കരാറിലെ നിബന്ധന പാലിച്ചില്ല	1-21
47	വീട് പുനരുദ്ധാരണം-പട്ടികജാതി വിഭാഗം-പൂർത്തിയാക്കിയിട്ടില്ല.	1-22
48	ഹരിത കർമ്മ സേനാംഗങ്ങളുടെ ഡ്രൈവിംഗ് പരിശീലനം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.	1-23
49	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 28,40,134/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.	1-24
50	തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ-അപാകതകൾ	1-25
51	ഭരണസമിതി തീരുമാനങ്ങളിൻമേൽ സ്വീകരിച്ച നടപടി- തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.	1-26
52	സകർമ്മ മിനിട്സ്-സമയബന്ധിതമായി ക്ലോസ് ചെയ്യുന്നില്ല	1-27
53	തനത് ഫണ്ട് പൂർണ്ണമായും പിരിച്ചെടുത്തില്ല-പ്ലാൻഫണ്ടിൽ കുറവ് വരുത്തി	1-28
54	ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും മോഷണം പോയ തുക- തുടർനടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്	1-29
55	വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല -7,52,002/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-30

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	സംയുക്തപദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പാ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-6

7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ7.6.2024 തീയതിയിലെ 8/1 -ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 27.6.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുക® തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാ® ഷ്യ® ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാ® ഡേ® ഡുക® , പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാ® ഷ്യ® ഓഡിറ്റിന് വേണ്ടിയുള്ള മാ® ഗ്നി® ദ്ദേശങ്ങ® എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാ® ഫിനാ® ഷ്യ® ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളി® നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങ® /മാ® ഗ്നി® ദ്ദേശങ്ങ® ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റി® ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റി® ഉ® പ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് ന® കുമെന്ന് ഞാ® വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാ® ഷ്യ® ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോ® ട്ടിലെ എന്റെ നിരീക്ഷണങ്ങ® ക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോ® ട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ® ക്ക് വിധേയമായി, നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാ® ഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

എന്നാൽ ആയത് വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല. വരും വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ അനുപാതങ്ങൾ കണക്കാക്കി തയ്യാറാക്കുന്നതാണെന്നാണ് ഓഡിറ്റ് എൻക്വയറി നം. 8/12.11.2024ന് ലഭ്യമാക്കിയ മറുപടി. അപാകത പരിഹരിക്കേണ്ടതാണ്.

1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

ഉദാ തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 ഷെഡ്യൂൾ . ഐ.കെ.എം ന് ഈ വിവരം കാണിച്ച് കത്ത നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ അപാകത പരിഹരിക്കേണ്ടതാണ്

1-1-3 MGNREGS ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള(ഭരണപരമായ) മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

MGNREGS ന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള (ഭരണപരമായ) മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
MNREGS ക്യാഷ് ബുക്ക് പ്രകാരം	1,37,939.14	11,06,571	12,39,512	4,997
എ.എഫ്.എസ് പ്രകാരം	1,37,938	11,06,572	11,18,367	4,997

അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിൽ ബാങ്ക് പലിശ സംബന്ധിച്ച് കണക്കാക്കുന്നതിലെ വ്യത്യാസം കാരണമാണ് അപാകത ഉണ്ടായതെന്നും അടുത്ത എ.എഫ്.എസിൽ അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-4 വരവിനേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ വരവ് 24,24,56,261 രൂപയും, ആകെ ചെലവ് 24,85,24,428 രൂപയുമാണ്. വരവിനേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് ഡിപ്രീസിയേഷൻ തുക വലിയ തുകയാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ആയത് Actual Cash Expense അല്ലായെന്നും അതിനാലാണ് വരവിനേക്കാൾ ചെലവ് കൂടിയിരിക്കുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1-1-5 ILGMS ൽ നിലവിൽ ഇല്ലാത്ത അക്കൗണ്ട് RP(40a)&RP(40b) യിൽ ഉൾപ്പെട്ടിരിക്കുന്നു

RP(40a), RP(40b) എന്നിവ പ്രകാരം Nationalised Bank Account Of Own Revenue Fund ന്റെ അക്കൗണ്ടിൽ 21,059 രൂപ മുന്നിരിപ്പായും നീക്കിയിരിപ്പായും അവശേഷിക്കുന്നുണ്ട്. എന്നാൽ ഐ.എൽ.ജി.എം. എസ് പ്രകാരം അത്തരമൊരു അക്കൗണ്ട് നിലവിലില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് സോഫ്റ്റ് വെയറിന്റെ അപാകത മൂലം സംഭവിച്ചതാണെന്നും ഐ.കെ.എംന് റിപ്പോർട്ട് ചെയ്ത് അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷത്തെ വാർഷികധനകാര്യപത്രികയിൽ പ്രസ്തുത അക്കൗണ്ട് ഒഴിവാക്കി സമർപ്പിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ- വസ്തുനികുതി ലഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. 31.03.2023 ൽ മാത്രമാണ് എൻട്രി വരുത്തിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് ഡിമാന്റ് എൻട്രികൾ എല്ലാമാസവും ചെയ്യുക പ്രായോഗികമല്ലായെന്നും അതിനാൽ വർഷാവസാനം സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും എടുത്ത് ഡിമാന്റ് ചെയ്യുകയാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ഡിമാന്റ് എൻട്രി വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

1-1-7 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. വിശദാംശം ചുവടെ

1. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം തൻവർഷം കെ.എസ്.ഇ.ബിയിൽ പ്രോജക്ട് നം. 10 പ്രകാരം 179695 രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ മേൽത്തുക Advance To Implementing Agencies-Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് ആയത് വാർഷിക ധനകാര്യപത്രികയിൽ ഹെഡ് മാറി ഉൾപ്പെടുത്തി പോയതാണെന്നും വരും വർഷത്തെ വാർഷികധനകാര്യപത്രികയിൽ അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്
2. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 65 പ്രകാരം ആകെ 3,35,528 രൂപയും പ്രോജക്ട് നം. 212 പ്രകാരം 1,79,722 രൂപയും ഭൂജല വകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയതിന് 2023-24 സാമ്പത്തിക വർഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. എന്നാൽ അത് B-18 Schedule ൽ ഉൾപ്പെട്ടിട്ടില്ല. B-18 Schedule പ്രകാരം തൻവർഷം പ്രോജക്ട് നം. 67 പ്രകാരം ചെലവഴിച്ച 3,71,195 രൂപ മാത്രമാണ് നീക്കിയിരിപ്പായി

രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തി അടുത്ത വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-8 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന വിധത്തിൽ ആവശ്യമായ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

1. ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ലാത്തതിനാൽ B-5 Schedule പ്രകാരമുള്ള Secured Loans ന്റെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പ്രസ്തുത അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 35 /19.11.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. ലേല രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

1-1-9 റീകൺസിലിയേഷൻ നടത്തിയതിൽ അപാകം

1) IOB Account No, 26901000028113 ന്റെ ബാങ്ക് സ്റ്റേറ്റുമെന്റ് പ്രകാരം 31.03.2024 ലെ ക്ലോസിംഗ് ബാലൻസ് 29312.11 രൂപയാണ്. എന്നാൽ മാർച്ച് 2024 ലെ റീകൺസിലിയേഷൻ നടത്തിയിരിക്കുന്നത് ക്ലോസിംഗ് ബാലൻസ് 29,359 രൂപ ആയി കണക്കാക്കിയാണ്. പ്രസ്തുത അക്കൗണ്ട് ഒരു നോൺ ഓപ്പറേറ്റിംഗ് അക്കൗണ്ട് ആണെന്നും ബാങ്ക് സ്റ്റേറ്റ്മെന്റിലെ അവ്യക്തത കാരണം റീകൺസിലിയേഷൻ ചെയ്തപ്പോൾ തെറ്റ പറ്റിയതാണെന്നും വരും വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതാണെന്നുമാണ് മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
2) Other Co-Operative Bank (731) ന്റെ Confirmation Certificate From Secretary, Nanniyodu Service Co-Operative Bank പ്രകാരം 31.3.2024 ലെ നീക്കിയിരിപ്പ് 731/- രൂപയാണ്. എന്നാൽ മാർച്ച് 2024 ലെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം പാസ് ബുക്കിലെ നീക്കിയിരിപ്പ് 732 രൂപയായി കണക്കാക്കിയാണ് റീകൺസിലിയേഷൻ നടത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് ആയത് നിലവിൽ ഉപയോഗിക്കാത്ത അക്കൗണ്ടാണെന്നും ആയത് ഈ വർഷം ക്രമീകരിച്ച് പൊരുത്തപ്പെടുത്തുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വരുന്ന വാർഷിക ധനകാര്യപത്രികയിൽ അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-10 Directly Debited By Bank - തുകയിൽ അവ്യക്തത

Subtreasury, Nedumangad Account No. 702031400000006 മാർച്ച് 2024 ലെ റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം 31.03.2024 ലെ ക്ലോസിംഗ് ബാലൻസ് 1,27,290 രൂപയും ട്രഷറി സ്റ്റേറ്റുമെന്റ് പ്രകാരം 31.03.2024 ലെ ക്ലോസിംഗ് ബാലൻസ് 0 യുമാണ്. റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം Directly Debited By Bank ആയി 1,27,290 രൂപ 30.4.2022 ലെ വൗച്ചർ തീയതിയിൽ (വൗച്ചർ നം. രേഖപ്പെടുത്തിയിട്ടില്ല) രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതിനത്തിലാണ് ട്രഷറിയിൽ നിന്ന് നേരിട്ട് പിൻവലിക്കപ്പെട്ടത് എന്ന് ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് പ്രസ്തുത അക്കൗണ്ട് 9.6.2020 ൽ ക്ലോസ് ചെയ്തിട്ടുള്ളതാണെന്നും പ്രസ്തുത അക്കൗണ്ട് സീറോ ബാലൻസ് ആണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ ട്രഷറി സ്റ്റേറ്റുമെന്റ് പ്രകാരം പ്രസ്തുത അക്കൗണ്ട് 9.6.2020 ൽ ക്ലോസ് ചെയ്തിട്ടുള്ളതാണ്. 9.6.2020 ൽ ക്ലോസ് ചെയ്ത അക്കൗണ്ടിൽ നിന്ന് 30.4.2022 ൽ 127290 രൂപ എപ്രകാരമാണ് പിൻവലിച്ചതെന്ന് വ്യക്തമല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതും മേൽപ്പറഞ്ഞ തുക എന്താവശ്യത്തിനാണ് പിൻവലിച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്.

1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ഇനം	B-4 Schedule പ്രകാരം	B-17 Schedule പ്രകാരം
Health Grant Towards Buildingless Subcentres PHCs And CHCs	83,90,919	84,48,925
Health Grant Toward Support For Diagnostic Infrastructure To The PHCs	2,60,689	2,67,546
Health Grant Towards Conversionof PHCs And Subcentres Into Health And Wellness Centres	3,10,994	3,13,759

CFC (Tied& Basic)	25,25,890	47,91,196

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് ഇൻകം ഹെഡ്സുകളിൽ ജേണൽ ചെയ്തപ്പോൾ ചില എൻട്രികൾ തെറ്റിപ്പോയതിനാലാണ് അങ്ങനെ സംഭവിച്ചതെന്നും അടുത്ത വാർഷികധനകാര്യപത്രിക തയ്യാറാക്കുമ്പോൾ ആയത് ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-12 Sub Treasury Nedumangad (799013000000975) ബാങ്ക് ബുക്ക് 31.03.2024-ൽ 1,38,311/- രൂപയുടെ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു

Sub Treasury Nedumangad (799013000000975) ബാങ്ക് ബുക്ക് 31.03.2024 ൽ 1,38,311/- രൂപയുടെ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024-ന് സർക്കാർ റിഡംപ്ഷനായി മുഴുവൻ തുകയും എടുത്തിട്ടുള്ളതാണെന്നും വാട്ടർ ചാർജ്ജ് ഇനത്തിൽ തനത് ഫണ്ടിൽ നിന്നും ഒടുക്കിയ 1,38,311/- രൂപ ബാങ്ക് മാറി പേയ്മെന്റ് ചെയ്തത് ക്യാൻസൽ ചെയ്തിരുന്നുവെങ്കിലും സോഫ്റ്റ് വെയർ എറർ കാരണം യഥാസമയം ക്യാൻസൽ ആകാത്തതിനാലാണ് മൈനസ് ഫണ്ടായി കാണിക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-1-13 കെട്ടിടനികുതി (Nonresidential) ഡിമാന്റ് എ.എഫ്.എസിൽ ഉൾപ്പെടുത്തിയതിൽ അപാകത

കെട്ടിടനികുതി (Nonresidential) എ.എഫ്.എസ് പ്രകാരം ഡിമാന്റ് പരിശോധനയിൽ കണ്ടെത്താൻ കഴിയാത്തതിനെ തുടർന്ന് അത് ഏത് ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/19.11.24 ന് പ്രോപ്പർട്ടി ടാക്സ് ഡിമാന്റ് ചെയ്തപ്പോൾ ഹെഡ്ഡ് മാറിപ്പോയതിനാൽ വന്ന പിഴവാണെന്നും റസിഡൻഷ്യൽ ബിൽഡിംഗ്രം നോൺ റസിഡൻഷ്യൽ ബിൽഡിംഗ്രം കൂടി ഒന്നായി പോയതാണെന്നും അടുത്ത വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കുന്നതാണെന്നുമാണ് മറുപടി. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-14 സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല

2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) ൽ ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത വാർഷിക ധനകാര്യപത്രികയിൽ അപാകത പരിഹരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-1-15 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്തുന്നില്ല. ഉദാ. വസ്തു നികുതി, തൊഴിൽ നികുതി ട്രേഡേഴ്സ്. അപാകത പരിഹരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

1-1-16 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാർച്ച് മാസത്തിലെ മറ്റ് ചെലവുകൾ ടെലഫോൺ ചാർജ്ജ്, വൈദ്യുതി ചാർജ്ജ്, ഡീസൽ ചാർജ്ജ് എന്നിവ ലയബിലിറ്റി ആയി കണക്കാക്കാൻ സാധിക്കാത്തതിനാലാണ് ബി 9 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തതെന്നാണ് മറുപടി. ഐ.കെ.എം.മായി ബന്ധപ്പെട്ട അപാകത പരിഹരിക്കേണ്ടതാണ്. പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം ലയബിലിറ്റി ഹെഡ്സുകൾ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-1-17 നല്കി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

Other Co-Operative Bank (464) ന്റെ മാർച്ച് 2024 ലെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റുമെന്റ് പ്രകാരം Cheque Issued But Not Presented Into Bank പ്രകാരം താഴെപ്പറയുന്ന തുകകൾ ഉൾപ്പെട്ടിട്ടുണ്ട്.

വൗച്ചർ നം. തീയതി	ചെക്ക് നം. തീയതി	തുക

22100137/28.5.2021	005452/28.5.2021	358
22100561/18.10.2021	034552/6.10.21	130
22100087/4.5.201	5420/4.5.2021	1800
22100321/30.7.2021	012916/30.7.2021	509

സ്ഥാപനം ഇഷ്യൂ ചെയ്ത് മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് ആയത് നിലവിൽ ഉപയോഗിക്കാത്ത അക്കൗണ്ടാണെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം എടുത്ത് Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റി ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-18 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

ഇനം	ഡിമാന്റ്(രജിസ്റ്റർ പ്രകാരം)/ സഞ്ചയ പ്രകാരം	ഡിമാന്റ് (എ.എഫ്.എസ് പ്രകാരം)	കളക്ഷൻ(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം	കളക്ഷൻ (എ.എഫ്.എസ് പ്രകാരം)	ബാലൻസ്(രജിസ്റ്റർ പ്രകാരം)/സഞ്ചയ പ്രകാരം	ബാലൻസ് (എ.എഫ്.എസ് പ്രകാരം)
കെട്ടിട നികുതി (Residential) (തൻവർഷം)	13,53,303	42,91,771	11,40,084	11,36,529	2,10,350	2,30,272
കെട്ടിട നികുതി (Non Residential) തൻവർഷം	29,37,513	-	26,29,441	26,23,262	2,97,798	3,32,120
Rent From Buildings	5,80,567	5,53,846	2,77,501	2,76,345	3,03,066	2,77,501

ഷെഡ്യൂളിൽ പറയുന്നതിൽ കെട്ടിട നികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിൽ 5% ലൈബ്രറി സെസ് കൂടി ഉൾപ്പെടുത്തി വരുന്നതിനാലാണ് പ്രസ്തുത വ്യത്യാസം വരുന്നതെന്നും വാടകയുടെ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ച് അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-19 സ്ഥാപനത്തിന് ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

1. സുലേഖ ചെലവു പത്രിക പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഫണ്ട് (റോഡ്) ഉപയോഗിച്ച് വിവിധ പദ്ധതികളിലായി ആകെ 57,25,312 രൂപയുടെ ആസ്തി സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ B3 Schedule Head Code 312100301 പ്രകാരം തൻവർഷം സൃഷ്ടിച്ചിരിക്കുന്ന ആസ്തികൾ 11,57,117 രൂപയുടേതാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 35/19.11.24 ന് ആസ്തികൾ കണക്കാക്കി വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയതിന്റെ പിഴവാണെന്നും ആയത് വരും വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
2. MGNREGS ഫണ്ട് ഉപയോഗിച്ച് ഉദയഗിരി മുളമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ്, കടുവാച്ചിറ ചൂടൽ മൺപുറം റോഡ് കോൺക്രീറ്റിംഗ്, വിട്ടിക്കാട് ചോനൻവിള റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടെങ്കിലും അവ ആസ്തിയിൽ ഉൾപ്പെടുത്തിയില്ല. അവ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-20 ബാങ്ക് സ്റ്റേറ്റുമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

RP(40b) പ്രകാരം 6,952 രൂപ നീക്കിയിരിപ്പുള്ള ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നം. 26901000027000, 53 രൂപ നീക്കിയിരിപ്പുള്ള ഇൻഡ്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നം. 15947 എന്നിവയുടെ ബാങ്ക് സ്റ്റേറ്റുമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അവ ഉടൻ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റുമെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-21 വാർഷിക ധനകാര്യപത്രിക - മറ്റ് അപാകങ്ങൾ

1. ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്&അൺടൈഡ്) RP(40a) പ്രകാരം മുന്നിരിപ്പ് 88,53,586 രൂപയും വരവ് 81,74,027 രൂപയും സൂലേഖ പ്രകാരം ചെലവ് 1,20,95,058 രൂപയുമാണ്. അങ്ങനെയെങ്കിൽ നീക്കിയിരിപ്പായി വരേണ്ട തുക 49,32,555 രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പ് 47,91,196 രൂപയാണ്. വ്യത്യാസം പൊരുത്തപ്പെടുന്നില്ല. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ സമർപ്പിച്ച ധനകാര്യകമ്മീഷൻ ഗ്രാന്റ് പ്രോജക്ടുകളുടെ 10% തുക 2024-25 സാമ്പത്തിക വർഷത്തിലാണ് പോയിട്ടുള്ളതെന്നും ഇഗ്രാം സ്വരാജ് സൈറ്റിലെ സാങ്കേതിക തകരാർ കാരണമാണ് അങ്ങനെ സംഭവിച്ചിട്ടുള്ളതെന്നുമാണ് മറുപടി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. B-18 Schedule ഹെഡ്ഡ് കോഡ് 460500501 പ്രകാരം 4,36,700 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് സി.എച്ച്.സിയ്ക്ക് വാർഡു തലസാനിട്ടേഷൻ പ്രവർത്തനങ്ങൾക്ക് 1,80,000 രൂപ ശുചിത്വമിഷൻ നൽകും എന്നു കരുതി മുൻകൂറായി നൽകിയ തുകയാണെന്നും ആയത് ശുചിത്വമിഷൻ നാളിതു വരെ അനുവദിച്ചിട്ടില്ലായെന്നും ഗ്രാമപഞ്ചായത്ത് വിഹിതമായി ഈ വർഷം മാറ്റി ക്രമീകരിക്കുന്നതാണെന്നും 13,550 രൂപയുടെ ബിൽ ട്രഷറിയിൽ ഫണ്ട് ലഭ്യമായാൽ ഉടൻതന്നെ സമർപ്പിച്ച് മുഴുവൻ തുകയും റീകൂപ്പ് ചെയ്യുന്നതാണെന്നും അവശേഷിക്കുന്ന തുകകൾ റീകൂപ്പ് ചെയ്യുന്നതിന് കൃബില്ലിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. B-18 Schedule Head Code 460509901 പ്രകാരം Other Advances ഇനത്തിൽ 2,500 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു. പ്രസ്തുത തുക മുൻവർഷ എ.എഫ്.എസ് പ്രകാരവും ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയാണ്. പ്രസ്തുത തുക ഏത് ഇനമാണെന്ന് കണ്ടെത്തി ഉടൻ തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/12.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു

	ബജറ്റ്	പുതുക്കിയ ബജറ്റ്
അംഗീകരിച്ച തീയതി	17.03.2023	10.01.2024
ഭരണസമിതി തീരുമാനം	1/1	17(2)
മുന്നിരിപ്പ്	10,68,79,101	10,68,79,101
പ്രതീക്ഷിത വരവ്	74,58,70,460	74,58,70,460
ആകെ	85,27,49,561	85,27,49,561
പ്രതീക്ഷിത ചെലവ്	84,18,94,244	84,18,94,244
നീക്കിയിരിപ്പ്	1,08,55,317	1,08,55,317

1-3 സാമ്പത്തിക നില

Receipt&Payment പ്രകാരം

മുന്നിരിപ്പ്	2,14,23,723
വരവ്	6,76,75,335
ആകെ	8,90,99,058
ചെലവ്	5,14,25,340
നീക്കിയിരിപ്പ്	3,76,73,718

റസീപ്റ്റ് & പെയ്മെന്റ് പത്രികയിൽ സംസ്ഥാന സർക്കാർ ഗ്രാന്റുകൾ, ക്ഷേമ പെൻഷനുകൾ, MGNREGS എന്നീ വരവുചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

1-4-1 ഗ്രാന്റ് വിനിയോഗം -അപാകതകൾ

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്.

ഹെഡ്ഡ് കോഡ്	തുക	ഓഡിറ്റ് എൻക്വയറി നം. 26/16.11.24 ന് ലഭ്യമാക്കിയ മറുപടി	റിമാർക്സ്
320100186	6,952	പശ്ചിമ ഘട്ട സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഉപയോഗിക്കാത്ത അക്കൗണ്ടാണെന്നും പ്രസ്തുത തുക സർക്കാരിലേയ്ക്ക് കണ്ടു കെട്ടുന്നതിന് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് ആയി പോയിട്ടുള്ളതാണെന്നും ആയത് വരുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി	തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
320100999	68,660	പ്രസ്തുത തുക മുൻ എ.എഫ്.എസുകൾ പരിശോധിച്ച് ഓഡിറ്റിനെ ബോധിപ്പിക്കുന്നതാണ് .	മറുപടി ലഭ്യമാക്കേണ്ടതാണ്
320200399	6,47,000	മറ്റ് ഏജൻസികൾ നൽകിയ തുകയാണെന്നും ആയത് ചെലവഴിച്ച തുകയാണെന്നും അത് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നാണ് മറുപടി	ചെലവഴിച്ച തുകയാണെങ്കിൽ ആയത് പരിശോധിച്ച് ആധികാരിക രേഖകളുടെഅടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
320300199	27,01,113	മറ്റ് ഏജൻസികൾ നൽകിയ തുകയാണെന്നും ആയത് ചെലവഴിച്ച തുകയാണെന്നും അത് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നാണ് മറുപടി	ചെലവഴിച്ച തുകയാണെങ്കിൽ ആയത് പരിശോധിച്ച് ആധികാരിക രേഖകളുടെഅടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
320400199	57,34,070	മറ്റ് ഏജൻസികൾ നൽകിയ തുകയാണെന്നും ആയത് ചെലവഴിച്ച തുകയാണെന്നും അത് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നാണ് മറുപടി	ചെലവഴിച്ച തുകയാണെങ്കിൽ ആയത് പരിശോധിച്ച് ആധികാരിക രേഖകളുടെഅടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
320700104	1,12,920	സംയുക്ത പദ്ധതി ഹെഡ്ഡിൽ വരുന്ന ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വിഹിതം നിലനിൽക്കുന്നതായാണ് കാണിച്ചിരിക്കുന്നതെന്നും ട്രഷറിയിൽ നിലനിൽക്കുന്ന തുക ആയതിനാൽ കാലാകാലങ്ങളിൽ സർക്കാർ തിരിച്ചു പിടിക്കാറുണ്ടെന്നും ടി തുക നിലനിൽക്കുന്നതല്ലായെന്നും വരുംവർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതാണെന്നുമാണ് മറുപടി	റിഡംപ്ഷൻ തുക സർക്കാർ തിരികെ നൽകാറുണ്ടെന്നതിനാൽ പ്രസ്തുത മറുപടിയിൽ അവ്യക്തതയുണ്ട്. റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച റിപ്പോർട്ട് ചെയ്യേണ്ടതാണ്.
320700204	9,22,410	സംയുക്ത പദ്ധതി ഹെഡ്ഡിൽ വരുന്ന ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ വിഹിതം നിലനിൽക്കുന്നതായാണ് കാണിച്ചിരിക്കുന്നതെന്നും ട്രഷറിയിൽ നിലനിൽക്കുന്ന തുക ആയതിനാൽ കാലാകാലങ്ങളിൽ സർക്കാർ തിരിച്ചു പിടിക്കാറുണ്ടെന്നും ടി തുക നിലനിൽക്കുന്നതല്ലായെന്നും വരുംവർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ക്രമീകരിക്കുന്നതാണെന്നുമാണ് മറുപടി	റിഡംപ്ഷൻ തുക സർക്കാർ തിരികെ നൽകാറുണ്ടെന്നതിനാൽ പ്രസ്തുത മറുപടിയിൽ അവ്യക്തതയുണ്ട്. റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച റിപ്പോർട്ട് ചെയ്യേണ്ടതാണ്.

320700205	90,250	ഗുണഭോക്തൃവിഹിത പ്രോജക്ടുകളാണെന്നും പ്രോജക്ടുകൾ സ്പിൽ ഓവർ ആക്കിയിട്ടുണ്ടെന്നുമാണ് മറുപടി	സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.
320700404	16,76,329	മുൻ വർഷങ്ങളിൽ സർക്കാർ ഫണ്ടായി നൽകിയിട്ടുള്ളതാണെന്നും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നുമാണ് മറുപടി	മറുപടി ലഭ്യമാക്കേണ്ടതാണ്.
320800101	1,36,989	മുൻ വർഷങ്ങളിൽ സർക്കാർ ഫണ്ടായി നൽകിയിട്ടുള്ളതാണെന്നും ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണെന്നുമാണ് മറുപടി	മറുപടി ലഭ്യമാക്കേണ്ടതാണ്.

2. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2023-24 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. സ.ഉ(കൈ)നം.86/2022/Lsgd Dated 19.4.2022 ഖണ്ഡിക 3.4.1.3(Ii) പ്രകാരം (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധനയുടെ അടിസ്ഥാനത്തിൽ)പട്ടികജാതി ഉപപദ്ധതി വിഹിതത്തിലേയും പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലേയും വിനിയോഗ ശതമാനം 80 ൽ കുറവാണെങ്കിൽ മേല്പറഞ്ഞ ക്യാരി ഓവർ ആയി സർക്കാർ അനുവദിക്കുന്നത് കഴിച്ചുള്ള സംഖ്യ തൻവർഷത്തെ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് (ജനറൽ), സംരക്ഷണഫണ്ട് (റോഡ്) എന്നിവയിൽ ലാപ്സായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അനുവദിച്ച തുക	ചെലവ് തുക (സുലേഖ പ്രകാരം)	നീക്കിയിരിപ്പ് തുക	ചെലവ് ശതമാനം	2024-25-ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക	ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	2,73,03,000	2,10,97,773	62,05,227	77.27	54,60,600	7,44,627
വികസനഫണ്ട് (SCP)	75,87,000	53,16,229	22,70,771	70	15,17,400	7,53,371
വികസനഫണ്ട് (TSP)	29,87,000	23,00,749	6,86,251	77	597400	88851

ഇപ്രകാരം തുക പാഴായതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/ 16.11.2024 ന് അലോക്കേഷൻ തുക അനുവദിച്ചതിലെ കാലതാമസവും ഫണ്ടിന്റെ അപര്യാപ്തതയും ഗുണഭോക്താക്കൾ യഥാസമയം രേഖകൾ ഹാജരാക്കാത്തതിനാലും റോഡ്, നോൺ റോഡ് പദ്ധതികളുടെ ബില്ലുകൾ ട്രഷറി ബാൻ കാരണം മാറാതിരുന്നതിനാലുമാണ് പദ്ധതികൾ യഥാസമയം പൂർത്തിയാക്കാൻ കഴിയാതിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

3) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5% കൂട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട തുക	അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം(%)
വനിത ഘടക പദ്ധതി	32,41,640	56,53,140	7,37,500	13.04
കുട്ടികൾ,ഭിന്നശേഷിയുള്ളവർ	16,20,820	15,09,800	4,88,100	32.32
വൃദ്ധർ((പാലിയേറ്റീവ് കെയർ ഉൾപ്പെടെ)	16,20,820	29,21,023	9,12,430	56.29

മേൽ അപാകത സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26/16.11.24 ന് ക്രമനം. 2 ലെ പരാമർശത്തിന് ലഭ്യമാക്കിയതേ മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

4) 1) വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

ഫണ്ട്	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ്	എ.സി.ആർ പ്രകാരം ചെലവ്	വാർഷിക ധനകാര്യ പത്രിക പ്രകാരം (I6+ Corresponding Capital Contribution)
വികസനഫണ്ട് (ജനറൽ)	2,10,97,773	1,24,08,979	2,10,97,773
വികസനഫണ്ട് (എസ്.സി.പി)	53,16,229	44,06,567	53,16,229
വികസനഫണ്ട് (ടി.എസ്..പി)	23,00,749	13,12,796	23,00,749
മെയിന്റനൻസ് ഫണ്ട് (റോഡ്)	1,19,01,362	1,59,29,969	1,19,01,362
മെയിന്റനൻസ് ഫണ്ട് (നോൺറോഡ്)	38,68,273	38,68,273	38,68,273

1-4 ഗ്രാന്റുകളുടെ വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

Fund/Grant	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	1,83,41,176	2,10,97,773	-27,56,597
വികസനഫണ്ട് (എസ്.സി.പി)	0	66,77,338	53,16,229	13,61,109
വികസനഫണ്ട് (റ്റി.എസ്.പി)	0	19,99,047	23,00,749	-3,01,702
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	33,90,500	73,95,818	-40,05,318
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	45,20,000	46,99,240	-1,79,240
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	55,92,000	38,68,273	17,23,727
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	1,39,78,650	1,19,01,362	20,77,288
കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്)	0	0	14,57,370	-14,57,370
സംസ്ഥാനാവിഷ്കൃതഫണ്ട്	0	0	6,70,000	-6,70,000

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നുണ്ട്.

2) വാർഷിക ധനകാര്യ പത്രികയിൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും (സി.എസ്.എസ്), സംസ്ഥാനവിഷ്കൃത ഫണ്ടുകളുടെയും (എസ്.എസ്.എസ്) മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

3) വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ, നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ കൃബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത (ട്രഷറി റിജക്ട് ചെയ്യുന്ന ബില്ലുകൾ, ട്രഷറിയിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്ത ബില്ലുകൾ മുതലായവ) ബില്ലുകളുടെ വിവരങ്ങളും ഉൾപ്പെടുന്നുണ്ട്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (സി.എഫ്.സി Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

5) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം മുഖേനയുള്ള ചെലവുകൾക്ക് വെബ്സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ഇരട്ടിപ്പ് കാണപ്പെടുന്നുണ്ട്.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ക്രമ നം.	നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ)	ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് ശതമാനം
1	കൃഷിഓഫീസർ	10	6	4	17,54,125	2,98,770	17
2	വെറ്റിനറി സർജൻ	14	11	3	39,17,000	22,31,740	56.9
3	മെഡിക്കൽ ഓഫീസർ (ഹോമിയോ)	4	4	0	18,50,000	18,44,258	99.6
4	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – 1	8	3	5	3,40,81,000	26,88,500	7.8
5	ഐ.സി.ഡി.എസ് സൂപ്പർവൈസർ	18	8	10	80,60,445	29,76,559	36.9
6	സെക്രട്ടറി	47	36	11	4,20,08,184	2,09,29,778	49.8
7	ഹെഡ്മാസ്റ്റർ	7	4	3	13,54,200	5,11,643	37.78
8	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2	21	15	6	4,54,39,260	58,68,077	12.9
9	അസിസ്റ്റന്റ് എഞ്ചിനീയർ	79	48	31	4,24,65,367	1,73,83,649	40.9
10	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	0	26,50,000	13,73,044	51.8
11	മെഡിക്കൽഓഫീസർ സി.എച്ച്.സി	10	8	2	31,50,772	18,52,620	58.7
12	അസിസ്റ്റന്റ് സെക്രട്ടറി	27	15	12	95,88,754	32,63,786	34

1. **ആസൂത്രണ സമിതി**

മാർഗ്ഗ രേഖയുടെ ഖണ്ഡിക 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആസൂത്രണസമിതി മിനിട്സ് പരിശോധിച്ചതിൽ 11.01.2023 , 4.12.2023 എന്നീ തീയതികളിലാണ് ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളത്. മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളതായി കാണുന്നില്ല.

ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 27/ 16.11.2024 ന് കൃത്യമായ ഇടവേളകളിൽ ആസൂത്രണസമിതി യോഗം ചേരുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആസൂത്രണ സമിതി മിനിട്സ് പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.1.1(B) ക്രമ നം. 1 മുതൽ 17 വരെയുള്ള ആസൂത്രണസമിതിയുടെ ചുമതലകൾ പൂർണ്ണമായും നിർവ്വഹിച്ചിട്ടില്ലാത്തതായി കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര

കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ 01/2023, 12/2023 എന്നീ തീയതികളിലാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്. മിനിട്സുകൾ പരിശോധിച്ചതിൽ മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

ഗ്രാമസഭ

1) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണനയും നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതി®, 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട് 12/2022, 06/2023, 01/2024 എന്നീ തീയതികളിലാണ് ഗ്രാമസഭകൾ യോഗം ചേർന്നതായി കാണുന്നത്. വ® ക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നി® ദ്ദേശങ്ങ® ച® ച്ച ചെയ്തതായോ പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിച്ചതായോ കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി നം. 27/ 16.11.2024 ന് മാർഗ്ഗരേഖ നിർദ്ദേശം പാലിച്ച് ഗ്രാമസഭാ യോഗം ചേരുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയി® അവതരിപ്പിച്ചിട്ടില്ല.

2) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

3) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്ത വരുത്തിയിട്ടുള്ളതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4) മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിച്ച് തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

5) മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

6) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കിയിട്ടില്ല

7) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാക്കുന്നതിന് എടുത്ത നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല .

8) മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല
പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	11,760/-	10
കർഷകതൊഴിലാളി പെൻഷൻ	46,92,800/-	412

വിധവാ പെൻഷൻ	1,76,26,500/-	1654
വാർദ്ധക്യകാല പെൻഷൻ	3,11,87,800/-	3170
വികലാംഗ പെൻഷൻ	35,97,200/-	330
വിവാഹ ധനസഹായം	1,20,000/-	4
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	6,78,800/-	62

1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2024 തീയതിയിൽ 03.15 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,379/- (പതിനയ്യായിരത്തി മുന്നൂറ്റി എഴുപത്തി ഒൻപത്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രമസംവീധാനം തൃപ്തികരമാണ്. 40 ഓഡിറ്റ് എൻക്വയറികൾ നൽകിയതിൽ എല്ലാ എൻക്വയറിക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എം.ഒ.പി പാലിച്ചുകൊണ്ട് ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ വഴി ഫയലുകൾ കൈകാര്യം ചെയ്യുവരുന്നു.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.ഓഫീസ് ഓർഡർ പ്രകാരം ജോലിവിഭജനം നൽകി ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മോണിട്ടറിങ്ങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റൊട്ടേഷൻ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഡ്യൂട്ടിചാർട്ട് കൊടുത്തിട്ടുണ്ട്.

കൃത്യമായ ഇടവേളകളിൽ ഓഫീസ് മീറ്റിങ്ങ് കൂടുകയും, മിനിട്ടസ് രേഖപ്പെടുത്തുകയും ചെയ്യുവരുന്നു.

കാഷ്വൽ ലീവ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. മൂവ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്.

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്.

ഇൻകംബൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ജോയിൻചെയ്യുന്ന തീയതി, വിടുതൽ ചെയ്യുന്ന തീയതി എന്നിവ കൃത്യമായി എഴുതിയിട്ടില്ല. നിർവഹണോദ്യോഗസ്ഥരുടെ വിവരങ്ങൾ കൂടി ഇൻകംബൻസി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പ് മിനിട്ട്സുകൾ യഥാസമയം എഴുതുകയും, വർക്കിങ്ങ് ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ഫയലുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9-1 പോർട്ട് ലാന്റ് സിമന്റിന് തുക -നിർദ്ദേശം പാലിക്കുന്നില്ല

1. എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്തു പ്രകാരം SECURE Software- ൽ സിമന്റിന് ഉള്ള LMR നിരക്ക് 614/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എന്നാൽ യഥാർത്ഥ മാർക്കറ്റ് റേറ്റ് പരമാവധി 430/- ൽ താഴെയാണെന്നും പരാതി ലഭിച്ചതിനെ തുടർന്ന് ആലപ്പുഴ ഓംബുഡ്സ്മാൻ, SECURE Software – ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ്നിരക്ക് നൽകാൻ പാടില്ലായെന്നും യഥാർത്ഥ മാർക്കറ്റ് വില മാത്രമേ നൽകാവൂയെന്നും ഇതിനു കർശന നിർദ്ദേശം നൽകണമെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു ആസ്തികൾക്കും വ്യകതിഗത ആസ്തികൾക്കും ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO Generate ചെയ്യാൻ പാടുള്ളൂവെന്ന് 8.7.22 ലെ OMB/ALP/AW/20/2022 നം. അവാർഡിൽ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

ക്രമ നം.	പ്രവൃത്തി	എം. ബുക്ക് നമ്പർ	കരാറുകാരൻ	എം ബുക്ക് പ്രകാരം പോർട്ട് ലാന്റ് സിമന്റ് ഒരു ചാക്കിന് നൽകിയ തുക, തീയതി	റിമാർക്സ്

1	മാടൻപാറ പച്ച മുടുമ്പ് റോഡ് കോൺക്രീറ്റിംഗ്	481/23-24	ജയകുമാർ	517.78	16.5648 Tonne Cement @11392/Tonne- As Per Estimate Rate Quoted Rate Below 9.1% Of Estimate Rate കരാറുകാരൻ ലഭ്യമാക്കിയ ഇൻവോയിസ് നം. A-156/24-25/1.1.2024 , A-160/24-25/1.1.2024പ്രകാരം ഒരു പാക്കറ്റ് സിമന്റിന്റെ വില ജി.എസ്.ടി ഉൾപ്പെടെ 492.8 രൂപയും ഇൻവോയിസ് നം. A-12008/23-24/11.3.2024, A-11993/23-24/11.3.2024 , A-11991/23-24/11.3.2024 എന്നിവ പ്രകാരം 325 രൂപയും ഇൻവോയിസ് നം. A-12043/23-24/12.03.2024 പ്രകാരം 320 രൂപയുമാണ്
2	ഉദയഗിരി മുളമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ്	327/23-24	വിജയസേനൻനായർ	564	ഒരു ചാക്ക് സിമന്റിന് 564 രൂപ നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത്.
3	കടുവാച്ചിറ ചൂടൽ മൺപുറം റോഡ് കോൺക്രീറ്റിംഗ്	483/23-24	വിജയസേനൻനായർ	522.32	ഒരു ചാക്ക് സിമന്റിന് 564 രൂപ നിരക്കിലാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത്.

ക്രമ നം. 1 ൽ പരാമർശിച്ചിരിക്കുന്ന പ്രവൃത്തിയുടെ ഫയലിൽ മാത്രമാണ് ജി.എസ്.ടി ബില്ലുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുള്ളത്. സാധന സാമഗ്രീകളുടെ വിതരണത്തിന് ഒപ്പം തന്നെ പോർട്ട് ലാന്റ് സിമന്റിന്റെ ജി.എസ്.ടി ബിൽ ലഭ്യമാക്കാത്തതിന് കാരണം ആരാഞ്ഞുകൊണ്ടും പോർട്ട് ലാന്റ് സിമന്റിന് എം.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 17.8.2022 ലെ കത്തിലെ നിർദ്ദേശം പാലിച്ച് തുക നൽകാത്തതിനും കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 30/17.11.24 ന് പ്രവൃത്തിയുടെ പേമെന്റ് നൽകിയിട്ടില്ലാത്തതിനാൽ നിലവിലുള്ള എഫ്.റ്റി.ഒ ഡിലിറ്റ് ചെയ്ത് പുതിയ FTO ജനറേറ്റ് ചെയ്ത് അപാകത പരിഹരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-9-2 വാളൻകുഴി പ്രദേശത്തെ തൊഴിലുറപ്പ് ഭേദഗതി പട്ടിക 5-ൽ ഉൾപ്പെട്ടവരുടെ ഭൂമിയിൽ മണ്ണുജലസംരക്ഷണം - അപാകതകൾ

പ്രവൃത്തിയുടെ പേര്	വാളൻകുഴി പ്രദേശത്തെ തൊഴിലുറപ്പ് ഭേദഗതി പട്ടിക 5-ൽ ഉൾപ്പെട്ടവരുടെ ഭൂമിയിൽ മണ്ണുജലസംരക്ഷണം
എം.ബുക്ക് നം	227/22-23
പ്രവൃത്തിയുടെ കോഡ്	DP/333733
എസ്റ്റിമേറ്റ് തുക	4,89,436

കുറുപുഴ വാർഡിൽ സ്ഥിതി ചെയ്യുന്ന വാളൻകുഴി പ്രദേശത്തെ പട്ടിക 5 ൽ ഉൾപ്പെട്ടവരുടെ ഭൂമിയിൽ മണ്ണുജലസംരക്ഷണത്തിന് (സുമതി. കെ 13/362, മഞ്ജുഷ 13/426) തട്ട് തിരിക്കലും കല്ലടക്കും മറ്റ് പ്രവൃത്തികൾ ചെയ്യുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

എം.എൻ.ആർ.ഇ.ജി.എസ് ഓംബുഡ്സ്മാൻ 3.1.2023 ന് പ്രസ്തുത സ്ഥലം സന്ദർശിച്ച് ഒ.ബി.എൻ/റ്റി.വി.എം/എസ്.വി30/2023 തീയതി 4.2.2023 പ്രകാരം പ്രസ്തുത പദ്ധതിയുടെ വിശദ വിവരങ്ങൾ ആരാഞ്ഞിട്ടുണ്ട്. പ്രസ്തുത കത്തിന്റെ ക്രമ നം. 2 പരാമർശ പ്രകാരം തൊഴിലാളികൾ എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തി അല്ല ചെയ്തിട്ടുള്ളതെന്നും നിലവിൽ ചെയ്ത കൊണ്ടിരിക്കുന്ന പ്രവൃത്തി ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയറും ഗ്രാമപഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയറും സംയുക്തമായി അളന്ന് മെഷർമെന്റ് എടുത്ത് റിപ്പോർട്ട് നൽകേണ്ടതാണെന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളിലാണോ പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് പ്രത്യേകം പരിശോധിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

ഈ വിഷയത്തി® സ്വീകരിച്ച തുട® നടപടി വിവരങ്ങ® ആരാഞ്ഞുകൊണ്ട് ന® കിയ ഓഡിറ്റ് അന്വേഷണത്തിന്

(നം. 32 തീയതി. 17.11.2024) മുപടിയായി, അക്രഡിറ്റഡ് എഞ്ചിനീയ® പ്രവൃത്തി അളന്ന് തിട്ടപ്പെടുത്തി ന® കിയ സാക്ഷ്യപത്രത്തിന്റെ പക® പ്പും, അതിന്റെ അടിസ്ഥാനത്തി® ബ്ലോക്ക് പ്രോഗ്രാം ഓഫീസ® ഓംബുഡ്സ്മാന് 16.02.2023 തീയതിയി® നം. 207/22/MGNREGS നമ്പരായി ന® കിയ റിപ്പോ® ട്ടിന്റെ പക® പ്പും ഹാജരാക്കിയിട്ടുണ്ട്. ടി രേഖക® പ്രകാരം ഈ പദ്ധതിയി® പൂ® ത്തിയാക്കിയ പ്രവൃത്തികളുടെ അളവ് താഴെപ്പറയും പ്രകാരമാണ്.

ക്രമ നം.	ഇനം	അളവ്
1	സൈറ്റ് ക്ലിയറ® സ്	6026.95 M^2
2	തട്ടുതിരിക്ക®	1212.65 M^3
3	ഫീ® ഡ് ബണ്ട്	128.95 M^3

എന്നാ® ഓഡിറ്റിന് ഹാജരാക്കിയ M.Book പ്രകാരം പൂ® ത്തിയാക്കിയ പ്രവൃത്തികളുടെ അളവ് താഴെപ്പറയും പ്രകാരമാണ്.

1	സൈറ്റ് ക്ലിയറ® സ്	16484.08 M^2
2	തട്ടുതിരിക്ക®	754.50 M^3
3	Display Board സ്ഥാപിക്ക®	--
	പ്രവൃത്തി മൂല്യം	2,78,482 രൂപ

ഇപ്രകാരം ഓഡിറ്റിന് ഹാജരാക്കിയ പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരമുള്ള അളവുകളും, ഓംബുഡ്സ്മാന് ന® കിയ റിപ്പോ® ട്ടിലെ അളവുകളും വ്യത്യാസപ്പെട്ടതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-3 വിട്ടിക്കാട് ചോനൻവിള റോഡ് കോൺക്രീറിംഗ് അപാകതകൾ

പ്രവൃത്തിയുടെ പേര്	വിട്ടിക്കാട് ചോനൻവിള റോഡ് കോൺക്രീറ്റിംഗ്
എം.ബുക്ക് നം	476/23-24
പ്രവൃത്തിയുടെ കോഡ്	RC/382417
എസ്റ്റിമേറ്റ് തുക	4,91,084

പ്രസ്തുത പ്രവൃത്തിയുടെ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി ടെണ്ടർ വിളിച്ചതിൽ ആനീഷ് പി.ടി എന്ന കരാറുകാരൻ 9.28% എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവായാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. FTO File No. 0121EATPAYREQ05042024161935/5.4.2024 പ്രകാരം കരാറുകാരന് തുക നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം. 4.1.3, Item Code 0295 Stone Aggreagate Single Size 20mm Nominal Size Rate 2656.50/Cum ആണ്. എന്നാൽ എം.ബുക്ക് പേജ് നം. 12 പ്രകാരം പ്രസ്തുത ഐറ്റത്തിന് 2782.50/M3 ന്റെ 9.28% കുറവ് വരുത്തിയ നിരക്കിൽ കണക്കാക്കിയാണ് കരാറുകാരന് നൽകിയിരിക്കുന്നത്. വിശദാംശം

Item	എംബുക്ക് പ്രകാരം അളവ്	എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക്	ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത നിരക്ക്	നൽകിയ നിരക്ക്	എഗ്രിമെന്റ് പ്രകാരം നൽകേണ്ട തുക	നൽകിയ തുക	അധികമായി നൽകിയ
Stone Aggreagate Single Size 20mm Nominal Size	32m3	2656.50/Cum	9.28% Below Estimate Rate നൽകേണ്ട നിരക്ക് 2409.9/Cum	2524.28	77116.8	80777.08	3660.28

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 31/ 18.11.2024 ന് മെറ്റീരിയൽ പേമെന്റ് നൽകിയിട്ടില്ലായെന്നും FTO ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളുവെന്നും നിലവിലുള്ള FTO ഡിലിറ്റ് ചെയ്ത് പുതിയ FTO ജനറേറ്റ് ചെയ്ത് അപാകത പരിഹരിക്കുന്നതാണെന്നും FTO ഡിലിറ്റ് ചെയ്യാൻ ജില്ലാ കോർഡിനേറ്റർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

ഭരണച്ചെലവുകൾ	1,37,938	11,06,572	12,44,510	12,05,768	4,997
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	10,84,18,000	10,84,18,000	10,84,18,000	0

ആകെ തുകയിൽ നിന്ന് എ.എഫ്.എസ് പ്രകാരമുള്ള തുക കുറയ്ക്കുമ്പോൾ നീക്കിയിരിപ്പായി വരേണ്ടത് 38,742 രൂപയാണ്, എന്നാൽ RP(40b) പ്രകാരം ആയത് 4,997 രൂപയാണ്. അവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	9.3.22	1.1.21 – 31.12.21	23.6.22
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	26.9.22 – 7.10.22	2020-21 – 2021-22	30.11.22

1-11 പാരാമെഡിക്കൽ സ്ഥാപനം FTE & OS ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ചുവടെ നൽകിയിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനം FTE & OS ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ഉടമയുടെ പേര്, വിലാസം
1	പാരമ്പര്യ സിദ്ധധർമ്മ ചികിത്സാലയം	ബാബു, ധന്യാ ഭവൻ, പാലുവള്ളി

അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 5/11.11.2024) പ്രസ്തുത സ്ഥാപനം രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളതാണെന്നും ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നൽകുന്നതാണെന്നും മറുപടി നൽകി. നോട്ടീസ് നൽകി ലൈസൻസ് എടുക്കുന്ന മുറയ്ക്ക് അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-12 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996ലെ പഞ്ചായത്തീരാജ് നിയമം (വകുപ്പ് 265 മുതൽ 267വരെ) പ്രകാരം മുൻകൂട്ടി രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്തിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലാത്തതും രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നിടത്തോളം കാലം വർഷാവർഷം ലൈസൻസ് പുതുക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്.

1. എക്സലന്റ് പി.എസ്.സി കോച്ചിംങ് സെന്റർ, പാലോട്

2. എയിം കോംപറ്റീറ്റീവ് എക്സാം സെന്റർ, പാലോട്

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറി നം. 4/11.11.2024 പ്രകാരം ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനായി നോട്ടീസ് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ മറ്റ് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-13 ലൈസൻസില്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം 10 കന്നുകാലികളിൽ കൂടുതലുള്ള കന്നുകാലി ഫാം, 5 പന്നികളിൽ കൂടുതലുള്ള പന്നി ഫാം, 500 കോഴികളിൽ കൂടുതലുള്ള പൌൾട്രി ഫാം എന്നിവ ലൈസൻസ് എടുക്കേണ്ടതുണ്ട്. പ്രസ്തുത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്ന, ലൈസൻസ് ആവശ്യമായ സ്വകാര്യ ലൈവ്സ്റ്റോക്ക് ഫാമുകളുടെ എണ്ണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻകുയറി(7/12.11.2024)ക്ക് 6 പൌൾട്രി ഫാം, 2 പന്നി ഫാം, 2 കന്നുകാലി ഫാം എന്നിവ പഞ്ചായത്തിന്റെ പരിധിയിലുണ്ടെന്ന് മറുപടി നൽകി.

ലൈവ്സ്റ്റോക്ക് ഫാം ഇനം	രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത ലൈവ്സ്റ്റോക്ക് ഫാമുകളുടെ എണ്ണം	പഞ്ചായത്ത് പരിധിയിലെ ലൈസൻസ് ആവശ്യമായ ലൈവ്സ്റ്റോക്ക് ഫാമുകളുടെ എണ്ണം	ലൈസൻസ് എടുക്കാൻ അവശേഷിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകളുടെ എണ്ണം
പൌൾട്രി ഫാം	1	6	5
പന്നി ഫാം	2	2	0
കന്നുകാലി ഫാം	1	2	1

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഒരു കന്നുകാലി ഫാമിന്റെയും 5 പൗൾട്രി ഫാമുകളുടെയും ലൈസൻസ് നടപടികൾ പൂർത്തിയാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-14 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല

2017 ലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കേണ്ടതാണ്.

എന്നാൽ ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപേക്ഷകരിൽ നിന്ന് മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

ക്രമ നം.	അപേക്ഷകരുടെ പേരും മേൽവിലാസവും	ലൈസൻസ് നം., തീയതി	സ്ഥാപനത്തിന്റെ പേര്	ഉപയോഗിക്കുന്ന വൈദ്യുതയന്ത്രത്തിന്റെ കുതിരശക്തി	ഈടാക്കേണ്ട ഫീസ് (രൂപ)
1	പി. എസ്. അൻസാർ, പുതുപ്പറമ്പിൽ വീട്, പാറക്കടവ്, കാഞ്ഞിരപ്പള്ളി	B3/1710/23, 28/3/2023	ഗ്രീൻവേ പോളിമേർസ്	320 HP	4200/-
2	ഡോ. എസ്. അജീഷ് കുമാർ, വൃന്ദാവനം, പ്ലാവറ, പാലോട്	B3/1861/23, 1/4/2023	വൃന്ദാവനം സാമിൽ & ഫർണിച്ചർ	88 HP	1000/-
3	എസ്. വൽസല, വൃന്ദാവനം, ജവഹർ കോളനി	B3/1860/23, 1/4/2023	പൊൻമുടി വുഡ് ക്രാഫ്റ്റ്സ്	51 HP	500/-
4	കെ. ജയകുമാർ, കോണത്ത് വീട്, പാലോട്, പച്ച	A3/1094/23, 28/2/2023	മോഡേൺ വുഡ് ഇൻഡസ്ട്രി	51 HP	500/-
5	വിനോദ്കുമാർ, ഗിരീശൻ, അക്ബർഷാ, അപ്റ്റാവാലി പ്രൈവറ്റ് ലിമിറ്റഡ്, കള്ളിപ്പാറ	B3/1756/23, 29/3/2023	അപ്റ്റാവാലി പ്രൈവറ്റ് ലിമിറ്റഡ്	35 HP	400/-
6	വിദ്യാ സി. നായർ, ചന്ദ്രഗിരി, ആനകുളം, മീൻമുട്ടി	B3/6054/23, 5/10/2023	ശിവശ്രീ ഫ്ലോർമിൽ	20 HP	200/-
7	ഡോ. എസ്. അജീഷ് കുമാർ, വൃന്ദാവനം, പ്ലാവറ, പാലോട്	B3/1857/23, 1/4/2023	വൃന്ദാവനം എന്റർപ്രൈസസ്	11.5 HP	200/-
8	വിനിത എസ്, സോപാന നിലയം, പാലോട്	B3/1259/23, 3/8/2023	ആദിത്യ ഫ്ലവർമിൽ	10 HP	100/-
9	നാസറുദ്ദീൻ എ, താഴെതേവരുകോണത്തുവീട്, പെരിങ്ങമ്മല	B3/3675/23, 22/6/2023	എം എസ് ഫ്ലവർമിൽ	10 HP	100/-
10	ബീന സുരേഷ്, നഭസ്, വെമ്പ്, ഇളവട്ടം	B3/241/24, 17/1/2024	ശിവശക്തി ഫ്ലവർമിൽ	10 HP	100/-
11	രാജേഷ് വി, തടത്തരികത്ത് വീട്, കള്ളിപ്പാറ, പാലോട്	B3/1259/23, 3/8/2023	എ എസ് ആർ ഇന്റർലോക്ക് ആന്റ് ഡിസൈനർ ടൈൽസ്	7 HP	100/-
12	സുനിൽകുമാർ എസ്, വൈഷ്ണവം, കള്ളിപ്പാറ, പാലോട്, പച്ച	B3/1937/23, 4/4/2023	വൈഷ്ണവ് സർവീസ് സ്റ്റേഷൻ	5 HP	50/-
13	അൻസാരി ഇ, അൻസാരി മൻസിൽ, ചിറ്റർ പെരിങ്ങമ്മല	B3/1199/23, 3/3/2023	ബ്രദേഴ്സ് ഫ്യൂവൽസ്	5 HP	50/-
14	ആർ ബീലമ്മ, ബീലാഭവൻ, പ്ലാവറ, പാലോട്	B3/4673/23, 1/8/2023	എസ് ബി ഹോളോബ്രിക്സ്	5 HP	50/-
15	എസ് മോഹനചന്ദ്രൻ, അനന്തപുരി ഫാംസ് &	B3/6273/23, 12/10/2023	അനന്തപുരി ഫാംസ് & അഗ്രികൾച്ചർ	5 HP	50/-

	അഗ്രികൾച്ചർ, പുലിയൂർ, പച്ച				
16	സജിൻ എസ്.എസ്, സിദ്ധി നിവാസ്, മൊട്ടക്കാവ്, ചുള്ളിമാനൂർ	B3/1991/23, 19/4/2023	ദേവി എഞ്ചിനീയറിംഗ് വർക്ക്സ്	4HP	50/-

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/12.11.2024) മോട്ടോർ ഫീസ് ഈടാക്കുന്നതിനായി അപേക്ഷകർക്ക് അറിയിപ്പ് നൽകുന്നതാണെന്ന് അറിയിച്ചു. മോട്ടോർ ഫീസ് ഈടാക്കി ഓഡിറ്റിന് രേഖകൾ സമർപ്പിക്കേണ്ടതാണ്.

1-15 സമയബന്ധിതമായി ലേലം നടക്കാത്തതുമൂലം വരുമാന നഷ്ടം

നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ഗവ. എൽ.പി.എസ് പാലോട് സ്കൂൾ വളപ്പിൽ മുറിച്ചിട്ടിരിക്കുന്ന പാലമരം, ഗവ യു.പി.എസ്. പാലുവളളി സ്കൂൾ കോമ്പൗണ്ടിൽ വീണു കിടക്കുന്ന ഗുൽമോഹർ മരം എന്നിവയ്ക്ക് സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും 11,318/- രൂപ വാല്യുവേഷൻ തുക നിർണ്ണയിച്ചുവെങ്കിലും ലേലം നടന്നിട്ടില്ല. പ്രസ്തുത ഇനത്തിന്റെ ലേല നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട നടികിയ ഓഡിറ്റ് എടക്വയറി (നം. 9/12.11.2024) ക്ക് 25/8/2023, 25/9/2023 തീയതികളിൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ലെന്നും പുനർലേലവും നടക്കാത്തതിനാൽ 6/10/2023 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5(3) നമ്പർ തീരുമാന പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിലും ക്വട്ടേഷനും ലഭിച്ചില്ലായെന്നും ടി മരങ്ങൾ വിറകിന പോലും പറ്റാത്ത തരത്തിൽ പൊടിഞ്ഞ നിലയിലായതിനാലാണ് ഈ റേറ്റിൽ ആരും തടികൾ ഏറ്റെടുക്കാൻ തയ്യാറാകാത്തതെന്നും മറുപടി നൽകി. ഗുൽമോഹർ മരത്തിന്റെ അപകടകരമായ കൊമ്പുകൾ മുറിക്കാൻ 2022 സെപ്തംബർ മാസത്തിൽ തന്നെ 8,378/- രൂപ വാല്യുവേഷൻ നിർണ്ണയിച്ച് അനുമതി ലഭിച്ചതാണ്. പാലമരം 2023 ജൂൺ മാസം മുറിച്ചിട്ടതു മുതൽ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. കൊമ്പുകൾ മുറിച്ചു മാറ്റുന്നതിലും ലേല നടപടികളിലുമുണ്ടായ കാലതാമസവും ലേല ഇനങ്ങൾ നശിച്ചു പോകാനും അതുമൂലം തനത് വരുമാനത്തിൽ നഷ്ടമുണ്ടാകാനും കാരണമായതായി ഓഡിറ്റ് വിലയിരുത്തുന്നു. വരും വർഷങ്ങളിൽ ഉചിതമായ തീരുമാനങ്ങളിലൂടെ ലേല ഇനങ്ങൾ നശിച്ചു പോകാതെ സമയബന്ധിതമായി ലേലം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി വരുമാനം തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

1-16 വാടക കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിലെ വാടക രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ കൊടുത്തിരിക്കുന്ന മുറികളുടെ വാടക പിരിച്ചെടുത്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

ക്രമ നം.	പേര്, വിലാസം	പ്രതിമാസ വാടക	വാടക ഈടാക്കാത്ത മാസങ്ങൾ	കുടിശ്ശിക
1	സെക്രട്ടറി, സമത്വം കുടുംബശ്രീ ക്യാന്റീൻ	1140 + GST	ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ	13,680 + GST
2	പി.എസ്. ലാലികുമാരി, ഹിമം, പൊൻവുത്തൂർ, നന്ദിയോട്, പച്ച	1436 + GST	ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ	17,232 + GST
3	ഷാജികുമാർ കെ, മേക്കുംകരവീട്, ഇളവട്ടം	1395 + GST	ജനുവരി 2024 മുതൽ മാർച്ച് 2024 വരെ	4,185 + GST
4	പുഷ്പാംഗദൻ, വിളയിൽ വീട്, കൊച്ചുതാന്നിമൂട്	1672 + GST	ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ	20,064 + GST
5	കെ.ഡി. സുനിൽകുമാർ, അനിത കോട്ടേജ്, നന്ദിയോട്	2600 + GST	നവംബർ 2023 മുതൽ മാർച്ച് 2024 വരെ	13,000 + GST
6	സത്യരാജൻ, റോസ്നി ഗാർഡൻസ്, ഇളവട്ടം	1308 + GST	ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ	15,696 + GST
7	കൃഷ്ണൻകുട്ടി നായർ, കാർത്തിക, പൊൻവുത്തൂർ	1671 + GST	സെപ്തംബർ 2023 മുതൽ മാർച്ച് 2024 വരെ	11,697 + GST
8	അരുണാചലം, സാംബവർ, വടകര	825 + GST	ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ	9,900 + GST
9	ഷജീർ, പുളിഞ്ചി പുത്തൻവീട്, തെക്കിൻകര, നെടുമങ്ങാട്	1785 + GST	മാർച്ച് 2024	1785 + GST

വാടക തുക പൂർണ്ണമായും പിരിച്ചെടുക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12/13.11.2024) ക്ക് പട്ടികയിലെ ക്രമനമ്പർ 1,4 എന്നിവർക്കെതിരെ റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചു വരുന്നതായും (കമ്മിറ്റിയുടെ 17/7/2024 ലെ 14(5) നമ്പർ തീരുമാനം, 6/9/2024 ലെ 22/2 നമ്പർ തീരുമാനം) മറ്റ് വാടക കുടിശ്ശികയുള്ളവരുടെ ലിസ്റ്റ് 6/9/2024 ലെ പഞ്ചായത്ത് കമ്മിറ്റി, 6/11/2024 ലെ ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റി യോഗങ്ങൾ ചർച്ച ചെയ്ത പ്രകാരം ബന്ധപ്പെട്ടവർക്ക് ഒരു നോട്ടീസ് കൂടി നൽകി വീണ്ടും അവസരം നൽകി അന്തിമ തീരുമാനം മറ്റൊരു യോഗത്തിലേയ്ക്ക് മാറ്റി വയ്ക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതായും മറുപടി നൽകി. ഉചിതമായ തീരുമാനങ്ങളിലൂടെ കുടിശ്ശിക തുക മുഴുവൻ ഈടാക്കി ഓഡിറ്റിനെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2. പഞ്ചായത്ത് ഗ്രൗണ്ടിൽ ഡ്രൈവിംഗ് സ്കൂൾ നടത്തുന്ന ഇനത്തിലും കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്, വിലാസം	പ്രതിമാസ വാടക	വാടക ഈടാക്കാത്ത മാസങ്ങൾ	കുടിശ്ശിക
1	ജലജ	1000 + GST	ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ	12,000 + GST
2	ദീപു (കാശി ഡ്രൈവിംങ് സ്കൂൾ)	1000 + GST	ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ	12,000 + GST

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം-12/13.11.2024) ക്ക് ഡ്രൈവിംഗ്സ്കൂളുകൾക്കെതിരെ എം വി ഐ ഇൻസ്പെക്ഷൻ നടത്തിയതായും രണ്ടു ഡ്രൈവിംഗ് സ്കൂളുകളും പഞ്ചായത്തിന് നൽകേണ്ട ഫീസ് എത്രയും വേഗം അടയ്ക്കാനും തുടർന്നു പരിശീലനം നടത്താൻ പഞ്ചായത്തിന്റെ അനുമതി വാങ്ങാനും ഡ്രൈവിംഗ് സ്കൂളുകളെ അറിയിച്ചുകൊണ്ടുള്ള സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസിന്റെ കത്ത് ഉള്ളടക്കം ചെയ്തിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ വാടക ബൈലോ ലഭ്യമാക്കിയിട്ടില്ല. അംഗീകൃത ബൈലോ ലഭ്യമാക്കാത്തതിനാൽ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ ചമയ്ക്കുന്ന നിബന്ധനകളും സർക്കാർ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായാത്തിന്റെ ആസ്തി അനധികൃതമായി കൈവശം വെച്ച് അനുഭവിക്കുന്നവർക്കെതിരെയുള്ള നിയമ നടപടികളെ പോലും ദുർബലപ്പെടുത്തുന്നതിന് ഇത് കാരണമായേക്കാം. ബൈലോ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-17 കെട്ടിടനികുതി പുതുക്കിയ നിരക്കിൽ നിശ്ചയിച്ചില്ല

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/23/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നന്ദിയോട് ഗ്രാമപഞ്ചായത്ത് പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് 14-06-2023 തീയതിയിലെ 14(1)-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 01-04-2023 തീയതി മുതൽ 14-06-2023 വരെ പഴയ നിരക്കിലാണ് പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചത്. ഈ കാലയളവിൽ പഴയ നിരക്കിൽ നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ നിലവിലും പുനർ നിർണ്ണയിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	സഞ്ചയയിൽ സൈൻ ചെയ്തത്	പഴയ നിരക്കിൽ നിർണ്ണയിച്ചത്	പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത്
1	1/229 B	104	18/05/2023	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ @6 രൂപ)
2	2/77 A	48.31	22/05/2023	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ @6 രൂപ)
3	3/262 A	77.7	18/05/2023	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ @6 രൂപ)
4	5/135 B	145.24	27/04/2023	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ @6 രൂപ)

5	6/807 B	156.02	04/05/2023	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ @6 രൂപ)

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (20/15.11.2024) ക്ക് 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് പഞ്ചായത്ത് 14-06-2023 തീയതിയിലെ ഭരണസമിതി തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ പുതുക്കിയ നിരക്ക് പ്രകാരം അപ്ഡേഷൻ വന്നിട്ടുണ്ടായിരുന്നില്ല എന്നും ആയതിനാലാണ് ആ സമയം കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങൾ പഴയ നിരക്കിൽ നിർണയിക്കേണ്ടി വന്നതെന്നുമാണ് മറുപടി നൽകിയത്. സോഫ്റ്റ് വെയറിൽ അപ്ഡേഷൻ ലഭ്യമാക്കി പുതുക്കിയ നിരക്കിൽ പുനർനിർണ്ണയിക്കേണ്ടതാണ്.
ചില കെട്ടിടങ്ങൾ അന്തിമ വിജ്ഞാപനത്തിന് ശേഷം സൈൻ ചെയ്തതാണെങ്കിലും പുതിയ നിരക്കിൽ അല്ല വസ്തുനികുതി നിർണ്ണയിച്ചത്. ഉദാഹരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ)	സഞ്ചയയിൽ സൈൻ ചെയ്തത്	പഴയ നിരക്കിൽ നിർണ്ണയിച്ചത്	പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത്
1	1/319 B	141.58	03/07/2023	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ @6 രൂപ)
2	2/178 A	154	19/09/2023	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ @6 രൂപ)
3	3/239 B	130.06	21/11/2023	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ @6 രൂപ)
4	5/516	101.74	19/02/2024	പാർപ്പിടാവശ്യം @4 രൂപ	താമസാവശ്യത്തിന് ഉപയോഗിക്കുന്നവ (300ച.മീ വരെ @6 രൂപ)

പുതിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (20/15.11.2024) ക്ക് അന്തിമ വിജ്ഞാപനത്തിന് ശേഷം പഴയ നിരക്കിൽ നിർണയിച്ച കെട്ടിടങ്ങളുടെ ഫയൽ പ്രോസസ് ആരംഭിച്ച് അപ്രൂവ് ചെയ്തത് 14.06.2023 തീയതിക്ക് മുൻപായതിനാലാണ് പഴയ നിരക്കിൽ വന്നതെന്നും പുതുക്കിയ നിരക്ക് സഞ്ചയയിൽ അപ്ഡേറ്റ് ചെയ്തതിനുശേഷം നമ്പർ നൽകിയ എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് പ്രകാരമാണ് നിർണയിച്ചിട്ടുള്ളത് എന്നും മറുപടി നൽകി. 01-04-2023 ന് ശേഷം പഴയ നിരക്ക് പ്രകാരം നികുതി നിർണയിച്ച കെട്ടിടങ്ങൾക്ക് പുതിയ നികുതി നിർണയം സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേഷൻ നാളിതുവരെ ലഭ്യമായിട്ടില്ല എന്നും ടി പ്രശ്നം മുകൾത്തട്ടിലേക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടിയിൽ സൂചിപ്പിക്കുന്നു. സോഫ്റ്റ് വെയർ അപ്ഡേഷൻ ലഭ്യമാക്കി അപാകത പരിഹരിക്കേണ്ടതാണ്.

1-18 വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം) വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയയിലെ ആദ്യ മൂന്ന് വാർഡുകൾ മാത്രം പരിശോധിച്ചതിൽ ചുവടെ പറയുന്ന 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല.

വാർഡ്	കെട്ടിട നംമ്പർ	പേര്	ഫ്ളോർ ഏരിയ ച.മീ
1	83	ഗോപിനാഥൻ നായർ	77
1	85	പ്രശോഭനൻ	85
1	86	ഗിരിജ	72
1	96	അംബിക ബാബു	107
1	101	സുകുമാരൻ	80
1	108	ശശിന്ദ്രൻ.എസ്	74
1	141	ജി.എസ്.ബേബി കുമാരി	70

1	145	തങ്കപ്പൻ	90
1	360	റെജി	109
1	352	നാരായണ കുറുപ്പ്	80
1	342	മധു	70
1	335	സുവർണ്ണകുമാരി.ജി.എസ്	80
1	318	ഷിനോസ്.എസ്.	70
1	302	പി.കുട്ടപ്പൻ കാണി	125
1	291	എൻ .ശിവപ്രസാദ്	91
1	254	വി.പ്രഭാകരൻ നായർ	70
2	1	പി വാസുദേവൻ	84
2	57	രാജേഷ്	127
2	100	പി തങ്കപ്പൻ	112
2	235	സുഭാഷ്	100
2	238	സുരേന്ദ്രൻ	70
2	259	പ്രേംകുമാർ എസ് കെ	70
2	288	എം.സുജിത്ത്	70
2	577	ഷീബ	90
3	179	ഹക്കിം	70
3	300	എസ്.ബാബു	71
3	567	ശ്രീനിവാസൻ	80

നികുതി ഈടാക്കാത്തതിന്റെ കാരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 25/16.11.2024) വാർഡ് തല വിവര ശേഖരണത്തിനായും നികുതി പരിഷ്കരണത്തിനായും ഡേറ്റാ എൻട്രിക്കുമായും സർവെയർമാരെ തിരഞ്ഞെടുത്തിട്ടുള്ളതായും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് സഞ്ചയ ഡേറ്റാ പ്യൂരിഫിക്കേഷൻ പ്രോസസിലൂടെ അപാകത പരിഹരിക്കുന്നതാണെന്നും മറുപടി നൽകി. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-19 ഹരിത കർമ്മ സേനാ പ്രവർത്തനങ്ങൾ

ഹരിതകർമ്മസേനാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (03/11.11.2024) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശുചിത്വ മിഷൻ കലണ്ടർ പ്രകാരം 2023-'24 വർഷം 100 ശതമാനം വാതിൽപ്പടി ശേഖരണം നടത്തിയിട്ടുണ്ട്. എന്നാൽ , ആയത് ഹരിതമിത്രം ആപ്പിൽ പ്രതിഫലിക്കുന്നില്ല. ഈ വിവരം കെൽട്രോണിനെ രേഖാമൂലം അറിയിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി. മാലിന്യം ഉറവിടത്തിൽ തരം തിരിക്കാൻ ബയോബിൻ പദ്ധതി പ്രകാരം ആകെ 950 ബയോബിൻ യൂണിറ്റുകൾ വീടുകളിൽ വിതരണം ചെയ്തിട്ടുണ്ട്. ബയോബിൻ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ ബയോബിന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. വീടുകളിൽ കമ്പോസ്റ്റ് പിറ്റുകൾ എം.ജി.എൻ .ആർ .ഇ.ജി.എസ് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്നു. ഗാർഹിക ബയോ മെഡിക്കൽ മാലിന്യങ്ങളിൽ ഡ്രൈവേസ്റ്റ് മാലിന്യങ്ങളിൽപ്പെടുന്ന മരുന്ന് കവറുകളും പ്ലാസ്റ്റിക്ക്/ ഗ്ലാസ്സ് മരുന്ന് കുപ്പികൾ എന്നിവ ശേഖരിക്കുന്നുണ്ട്. കൃഷിഭവൻ , മൃഗാശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് കെയർ , ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറി, സിദ്ധാശുപത്രി, സംയോജിത ശിശു വികസന പദ്ധതി, അസിസ്റ്റൻ്റ് എഞ്ചിനീയറുടെ കാര്യാലയം, പഞ്ചായത്ത് കാര്യാലയം എന്നിവിടങ്ങളിൽ ഒരോ ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 14.06.2023 ന് മാലിന്യ സംസ്കരണ ഉപാധികളെപ്പറ്റി ജനങ്ങൾക്ക് അവബോധം നൽകുന്നതിന് ബയോ ബിന്നുകൾ പൊതുസ്ഥലത്ത് പ്രദർശിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. 02.10.2023 ന് പൊതു ശുചീകരണം നടത്തി. 03.10.2023 ന് നവ കേരളം കർമ്മ പദ്ധതി തയ്യാറാക്കൽ യോഗം ചേർന്നു.07.10.2023 ന് നവ കേരളം കർമ്മ പദ്ധതി തയ്യാറാക്കൽ രണ്ടാം ഘട്ടത്തിന്റെ തുടർ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ നടത്തുകയുണ്ടായി. 04.10.2023 ന് ബർ ക്ക് വേസ്റ്റ് ജനറേറ്റേഴ്സ് യോഗം നടത്തി. ജൈവ അജൈവ മാലിന്യങ്ങൾ വേർ തിരിച്ച് സൂക്ഷിക്കുന്നതിനും ബിന്നുകൾ വയ്ക്കുന്നതിനും നിർദ്ദേശം നൽകുകയുണ്ടായി. 14.11.2023 ൽ കുട്ടികളുടെ ഗ്രാമ സഭ നടത്തി. 21.02.2024 ന് ക്ഷേത്ര ഉത്സവങ്ങളിൽ ഹരിത ചട്ടം പാലിക്കുന്നതിന് നന്ദിയോട് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ എല്ലാ ക്ഷേത്രങ്ങളുടേയും ഭാരവാഹികളെ ചേർത്ത് യോഗം ചേർന്ന് ഹരിത ചട്ടങ്ങൾ വിശദീകരിച്ചു. 22.02.2023 ന് നവ കേരളം കർമ്മപദ്ധതി തയ്യാറാക്കുന്നതിന് മൂന്നാം ഘട്ട യോഗം സംഘടിപ്പിച്ചു. നന്ദിയോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 03.11.2023 ലെ എ2-5107/(1)/23 നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വിജിലൻസ് സ്ക്വാഡ് മാസത്തിൽ രണ്ട് തവണ

പരിശോധന നടത്തുന്നു. വിവിധ നിയമ ലംഘനങ്ങ® ക്ക് നോട്ടീസ് ന® കുകയും പിഴയിനത്തി® ആകെ 55,000 രൂപ ഈടാക്കുകയും ചെയ്തു. നന്ദിയോട് ഗ്രാമ പഞ്ചായത്തി® ഓരോ വാ® ഡിലും 2 മിനി എം.സി.എഫ്. എന്ന നിരക്കി® 18 വാ® ഡുകളിലുമായി 36 മിനി എം.സി.എഫുകളും കുറ്റാളി,ആലംപാറ വാ® ഡുകളി® അധികമായി ഓരോ മിനി എം.സി.എഫുക® വീതം ഉണ്ട്. പഞ്ചായത്തി® ടോയ്ലറ്റ്, കുടിവെള്ളം, വൈദ്യുതി, വിശ്രമ മുറി, അഗ്നി സുരക്ഷാ ക്രമീകരണ സൗകര്യങ്ങ® ഉണ്ട്.

2023-'24 സാമ്പത്തിക വ® ഷത്തിലെ പ്രോജക്ട് നമ്പ® 253, പ്രകാരം തെരുവോരങ്ങളിലെ മാലിന്യക്കൂനക® നീക്കം ചെയ്ത® പദ്ധതി പ്രകാരം താന്നിമൂട്, ഇളവട്ടം എന്നീ പ്രദേശങ്ങളിലെ റോഡരികിലെ മാലിന്യക്കൂനക® വൃത്തിയാക്കി എം.ജി.എ® .ആ® .ഇ.ജി.എസ്. പദ്ധതി വഴി 21 തോടുക® വൃത്തിയാക്കി. ശുചിത്വ മിഷ® കലണ്ട® പ്രകാരം ഇ വേസ്റ്റ്, കുപ്പിക® എന്നിവ ശേഖരിച്ച് വരുന്നു.

പൊതുപരിപാടിക® , ആഘോഷങ്ങ® , മീറ്റിങ്ങുക® , ഓഡിറ്റോറിയങ്ങ® എന്നിവിടങ്ങളിലെ അധിക മാലിന്യ ശേഖരണത്തിനും ഗ്രീ® പ്രോട്ടോക്കോ® നടപ്പാക്കുന്നതിന വേണ്ടി നോട്ടീസ് ന® കുകയും അധികമായി വരുന്ന മാലിന്യങ്ങ® ക്ക് ചാക്ക് ഒന്നിന് 50 രൂപ വീതം അധികം ഈടാക്കുകയും ചെയ്യുന്നു. പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളി® സ്കൂളുകളി® തുമ്പ® മുഴി, മൊസ്കിറ്റോ ഫ്രീ ബയോ ഗ്യാസ് പ്ലാന്റ് എന്നിവ നിലവിലുണ്ട്.പൊതു മാ® ക്കറ്റി® തുമ്പ® മൂഴിയുടെ നി® മ്മാണം നടന്നു വരുന്നു. ശുചിത്വ മിഷ® കലണ്ട® പ്രകാരമാണ് മാലിന്യശേഖരണം നടത്തുന്നത്. എല്ലാ വീടുകളിലും ഹരിത ക® മ്മ സേനാംഗങ്ങ® സാമൂഹിക മാധ്യമങ്ങ® വഴി അറിയിക്കാറുണ്ട്. സ്കൂ® വിദ്യാ® ത്ഥികളുടെ നേതൃത്വത്തി® നന്ദിയോട് ഗ്രാമ പഞ്ചായത്തിലെ പൊതു ഇടങ്ങളി® പരിസര ശുചീകരണവും പെരിങ്ങമല ഇക്ബാ® സ്കൂളിലെ എ® .എസ്.എസ്.കേഡറ്റുക® ചേ® ന്ന് ഇളവട്ടം കൊച്ചുതാന്നിമൂട് റോഡ് അരികി® സ്നേഹാരാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഹരിത മിത്രം പദ്ധതി പ്രകാരം 6893 വീടുകളിലും, എ® റോ® മെ® റും സബ്സ്ക്രിപ്ഷനും പൂ® ത്തീകരിച്ചിട്ടുണ്ട് (100 ശതമാനം). കൃ ആ® കോഡ് ഒട്ടിച്ച വീടുക® / സ്ഥാപനങ്ങളി® നിന്നും മെറ്റീരിയ® കളക്ഷ® ആരംഭിച്ചിട്ടുണ്ട്. പൂട്ടിയിട്ട ഭവനങ്ങളി® നിന്നും യൂസ® ഫീ വാങ്ങുന്നില്ല. എല്ലാമാസവും അതാത് വാ® ഡ് മെമ്പ® മാരുടെ സാന്നിദ്ധ്യത്തി® ഹരിത ക® മ്മ സേനാംഗങ്ങളുടെ പ്രവ® ത്തനം വിലയിരുത്തുന്നു.
2024 മാ® ച്ച് 31 വരെ

പഞ്ചായത്തിലെ ആകെ ജനസംഖ്യ	26930
വാസഗൃഹങ്ങളുടെ എണ്ണം	6893
സ്ഥാപനങ്ങളുടെ എണ്ണം (വ്യവസായ / വാണിജ്യ വിദ്യാഭ്യാസ ആതുരാലയ സ്ഥപനങ്ങ®)	835
പൊതു ചന്തകളുടെ എണ്ണം	1
ഓഡിറ്റോറിയങ്ങളുടെ എണ്ണം	4
ആകെ വാ® ഡുകളുടെ എണ്ണം	18
ഹരിത ക® മ്മ സേനാംഗങ്ങളുടെ എണ്ണം	36
പാഴ് വസ്തുക്ക® ഏറ്റെടുക്കുന്നതിനായി കരാറി® ഏ® പ്പെട്ടിട്ടുള്ള സ്ഥാപനം	1.ക്ലീ® കേരള കമ്പനി 2.ഗ്രീ® വേംസ് ഇകോ സൊല്യൂഷ® സ്
ഓഡിറ്റ് വ® ഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	89858 കിലോ ഗ്രാം
കരാ® സ്ഥാപനത്തിന് തരം തിരിച്ച് ന® കിയ മാലിന്യത്തിന്റെ / പാഴ് വസ്തുക്കളുടെ അളവ്	19093 കിലോഗ്രാം
തരം തിരിക്കാതെ ന® കിയ മാലിന്യത്തിന്റെ (ലെഗസി) അളവ്	26140 കിലോ ഗ്രാം
ഓഡിറ്റ് വ® ഷം യൂസ® ഫീ ഇനത്തി® ലഭിച്ച തുക	55,500 രൂപ

Bailing Machine, സോ® ട്ടിംഗ് ടേബി® , ക® വെയ® ബെ® റ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചും ഹരിതകർമ സേനയുമായി കരാറിലേർപ്പെട്ടും, മാലിന്യങ്ങ® നിക്ഷേപിക്കുന്നത് തടയുന്നതിന് സിസിടിവി ക്യാമറക® സ്ഥാപിച്ചും ഹരിതകർമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമാക്കുകയും ഹരിതകർമ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിശീലനം നൽകേണ്ടതുമാണ്.

എം.സി.എഫ്.



1-20 വീട് പുനരുദ്ധാരണം-പട്ടികജാതി വിഭാഗം-മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമായി ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകി

പദ്ധതി നമ്പർ	:	197
പദ്ധതിയുടെ പേര്	:	വീട് പുനരുദ്ധാരണം, പട്ടികജാതി വിഭാഗം
അടങ്കൽ തുക	:	14,25,000/-
ചെലവ് തുക	:	11,25,000/-
ഫണ്ടിനം	:	എസ്.സി.പി ഫണ്ട്
ബിൽ നമ്പർ , തീയതി, തുക	:	1. 12/29.05.2023, 1,50,000/- 2. 44/22.06.2023, 75,000/- 3. 104/22.08.2023, 3,75,000/- 4. 105/22.08.2023, 75,000/- 5. 129/04.10.2023, 1,50,000/- 6. 364/14.03.2024, 2,25,000/- 7. 365/04.03.2024, 75,000/-

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീട് പുനരുദ്ധാരണത്തിനായി 2023-24 സാമ്പത്തിക വർഷം മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിബന്ധനകൾക്ക് വിരുദ്ധമായി 8 വർഷത്തിൽ താഴെ പഴക്കമുള്ള വീടുകൾക്കും താഴെപ്പറയും പ്രകാരം സഞ്ചയ പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്.

പേര്	സഞ്ചയ പ്രകാരമുള്ള വീടിന്റെ കാലപഴക്കം
എ.സുകുമാരൻ , സരസ്വതി ഭവൻ , കടലു കാണി, ഇളവട്ടം പി.ഒ.	3 വർഷം
ശ്രീമതി സുനിത,' വിഷ്ണു സദനം, ആനക്കുളം, മുതുവിള പി.ഒ., പരപ്പിൽ	7 വർഷം

മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പദ്ധതിയുടെ ആനുകൂല്യം നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/13.11.2024) ന് മറുപടിയായി ശ്രീമതി. സുനിത എന്നയാളുടെ ഭവനത്തിന് 10 വർഷത്തിലധികം പഴക്കമുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, എ. സുകുമാരൻ എന്നയാളുടെ ഭവനത്തിന് നമ്പർ ഇടുന്നതിന് കാലതാമസം വന്നുയെന്നും മറുപടി ലഭ്യമാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിശ്ചിത യോഗ്യതയുള്ള ഗുണഭോക്താക്കൾ പട്ടികയിൽ ഉൾപ്പെട്ടുവെന്ന് നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതായിരുന്നു. അർഹതയുള്ളവർക്കാണ് പദ്ധതിയുടെ ആനുകൂല്യം നൽകുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധിക്കാത്തത് പദ്ധതി നടത്തിപ്പിലെ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

1-21 ലൈഫ് ഭവന പദ്ധതി - കരാറിലെ നിബന്ധന പാലിച്ചില്ല

പദ്ധതി നമ്പർ – 194, ലൈഫ് ഭവന പദ്ധതി (ടി.എസ്.പി), പദ്ധതി നമ്പർ – 193, ലൈഫ് 2020 ഭവനനിർമ്മാണം എസ്.സി വിഭാഗം, പദ്ധതി നമ്പർ – 160, ലൈഫ് 2020 യിൽ ഉൾപ്പെട്ട അതിദരിദ്രർക്ക് ഭവനനിർമ്മാണം എന്നീ പദ്ധതികൾ മുഖാന്തിരം തുക കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തിയാക്കുകയും ചെയ്യാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

പേര്	ആദ്യത്തെ ഗഡു വാങ്ങിയ തീയതി	ഇതുവരെ വാങ്ങിയ തുക
ശ്രീമതി വിനിത എസ്. വി. വിജയ ഭവ®	17.02.2023	3,60,000
അഖില വി. എസ്, വിജയ വിലാസം	17.02.2023	5,40,000
പ്രമോദ് ബി. എസ്. കരിയ്ക്കകത്തി® വീട്	28.02.2023	5,40,000
അനഘ എസ്. മാമൂട്ടി® വീട്	28.02.2023	5,39,266
വൈശാഖ് വി. സി. വൈശാഖ് ഭവ®	08.03.2023	4,70,000
രേഷ്മ മോഹ® ആ® . പാഞ്ചജന്യം	13.03.2023	5,40,000
ഓമന എസ്. വടക്കുംകര പുത്ത® വീട്	21.06.2023	2,10,000
ഗിരീഷ് ഡി. കാ® ത്തിക് ഭവ®	21.06.2023	2,10,000
ഹരി കൃഷ്ണ® ആ® . കൊച്ചു പൊ® പാറ വീട്	21.06.2023	90,000
വത്സല കെ. മേക്കുംകര വീട്	21.06.2023	90,000
സത്യഭാമ ബി. കൊച്ചു കരിക്കകത്തി® വീട്	19.05.2023	2,00,000
റഷീദ കെ. കുറുപുഴ	19.05.2023	2,00,000
ഷെരീഫ ബീവി മാമൂട്ടി® വീട്	19.05.2023	3,00,000
ശോശാമ്മ റോഡരികത്ത് വീട്	09.05.2023	2,00,000
ഭവതിയമ്മ ഓണിയോട്ടു പുത്ത® വീട്	09.05.2023	3,60,000

കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാ® ആദ്യ ഗഡു കൈപ്പറ്റി ഒരു വ® ഷം കഴിഞ്ഞിട്ടും ഭവന നി® മ്മാണം പൂ® ത്തിയാക്കാതിരിക്കുന്നതിന്റെ സാഹചര്യം അറിയിക്കുവാ® ആവശ്യപ്പെട്ട് ന® കിയ ഓഡിറ്റ് അന്വേഷണത്തിന് (37/20.11.2024), ഭവന നി® മ്മാണം പൂ® ത്തിയാക്കുന്നതിനായി നോട്ടീസ് ന® കിയിട്ടുണ്ടെന്നും ഭവന നി® മ്മാണം പൂ® ത്തിയാക്കുന്നതിനുള്ള നടപടിക® സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്.

1-22 വീട് പുനരുദ്ധാരണം-പട്ടികജാതി വിഭാഗം- പൂ® ത്തിയാക്കിയിട്ടില്ല.

പദ്ധതി നമ്പ®	:	197 (സ്പി® ഓവ®)
പദ്ധതിയുടെ പേര്	:	വീട് പുനരുദ്ധാരണം - പട്ടികജാതി വിഭാഗം
അടങ്ക® തുക	:	14,25,000/-
ചെലവ് തുക	:	11,25,000/-
ഫണ്ടിനം	:	വികസന ഫണ്ട് എസ്.എസ്.പി
നിർവ്വഹണം	:	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ I

ടി പദ്ധതികളി® ചുവടെ ചേ® ക്കുന്ന ഗുണഭോക്താക്ക® ആദ്യ ഗഡു കൈപ്പറ്റിയിട്ട് നാളിതുവരെ വീട് നി® മ്മാണം പൂ® ത്തിയാക്കിയിട്ടില്ല.

പേര്	ആദ്യത്തെ ഗഡു വാങ്ങിയ തീയതി	ഇതുവരെ വാങ്ങിയ തുക
ഷിബു എസ്, തേജസ്സ്, മ® പുറം, കുന്താളി	22.08.2023	75,000
ശശിധര® ഡി,ആലുവിള വീട്,കാളിപ്പാറ	22.08.2023	75,000
കുമാരി മല്ലിക എസ്,ആതിര ഭവ® ,ചടച്ചിക്കരിക്കകം	04.03.2024	75,000

ആദ്യ ഗഡു കൈപ്പറ്റി കഴിഞ്ഞിട്ടും ഭവന നി® മ്മാണം പൂ® ത്തിയാക്കാതിരിക്കുന്നതിന്റെ കാരണം അറിയിക്കുവാ® ആവശ്യപ്പെട്ട് ന® കിയ ഓഡിറ്റ് അന്വേഷണത്തിന് (40/20.11.2024), ഈ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം ഉടനെ പൂ® ത്തീകരിക്കുന്നതിനുള്ള നടപടിക® സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം പൂർത്തിയാക്കി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-23 ഹരിത കർമ്മ സേനാംഗങ്ങളുടെ ഡ്രൈവിംഗ് പരിശീലനം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം.	So261/24
പദ്ധതിയുടെ പേര്	ഹരിത കർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിങ്ങ് പരിശീലനം
അടങ്കൽ	50,000/- തനത് ഫണ്ട്
ചെലവ്	37,500/- തനത് ഫണ്ട്
ബിൽ നം / ചെക്ക് നം	408/20.3.24
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

കുടുംബശ്രീ മുഖാന്തിരം ഹരിതകർമ്മ സേനയിലെ 5 അംഗങ്ങൾക്ക് 10,000/- രൂപ നിരക്കിൽ ഡ്രൈവിങ്ങ് പരിശീലനം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഡ്രൈവിങ്ങ് പരിശീലനം എന്ന പദ്ധതിക്കായി ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്ത അവിന മോട്ടോർ ഡ്രൈവിങ്ങ് സ്കൂളിന്റെ ക്വട്ടേഷൻ അംഗീകരിച്ച് ഒരാൾക്ക് 7,500/- രൂപാ നിരക്കിൽ 5 ഹരിത കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നടത്തുന്നതിനായി 37,500/- രൂപ നന്ദിയോട് സി.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഡ്രൈവിംഗ് പഠിക്കുന്നതിനായി 5 ഹരിതകർമ്മസേനാംഗങ്ങളെ തിരഞ്ഞെടുക്കുകയും, ഇതിൽ 2 അംഗങ്ങൾ ഡ്രൈവിംഗ് പരിശീലനം പൂർത്തിയാക്കി ലൈസൻസ് നേടുകയും, 2 അംഗങ്ങൾക്ക് ടെസ്റ്റ് പാസാകാൻ സാധിക്കാത്തതിനാൽ ടെസ്റ്റിനുള്ള പുതിയ തീയതി നിശ്ചയിച്ച് മോട്ടോർവാഹന വകുപ്പ് നൽകിയിട്ടുമുണ്ട്. ടി പദ്ധതിക്കായി തെരഞ്ഞെടുത്ത ഒരു അംഗത്തിന് ആരോഗ്യകരമായ കാരണങ്ങളാൽ ഡ്രൈവിംഗ് പരിശീലനം പൂർത്തികരിക്കാൻ സാധിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/24 (3) തീയതി : 13.11.2024) അടുത്ത ഹരിതകർമ്മസേന മീറ്റിംഗിൽ പുതിയ ഒരംഗത്തിനേ തെരഞ്ഞെടുത്ത് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുണ്ട്. 5 അംഗങ്ങളുടെ ഡ്രൈവിംഗ് പരിശീലനത്തിനായി തുക ഒടുക്കിയിട്ടുള്ള സാഹചര്യത്തിൽ ഇനി പഠനം പൂർത്തിയാക്കി ലൈസൻസ് എടുക്കാൻ അവശേഷിക്കുന്ന മൂന്ന് പേർ പഠനം പൂർത്തിയാക്കി ലൈസൻസ് എടുത്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

1-24 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 28,40,134/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ടിന്റെ വിശദാംശം	റിമാർക്സ്
പ്രോജക്ട് നം.67 പേര്- കുഴൽക്കിണർ സ്ഥാപിക്കൽ അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് 29,00,000/- ചെലവ്-3,71,195/- ബിൽ നം. 384/15.3.2024	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്ന് 23,220/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ലഭ്യമായിട്ടുള്ളത്. കുഴൽക്കിണർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.21 /15.11.24 നുള്ള മറുപടി . പ്രവൃത്തി പൂർത്തീകരിച്ച് 3,47,975/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം.10 പേര്- വിവിധ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ അടങ്കൽ- വികസനഫണ്ട് 2,00,000/- ചെലവ്-ബിൽ നം. 226/21.11.23-1,56,994/- 276/20.12.2023-22,701/- ആകെ 1,79,695/-	കെ.എസ്.ഇ.ബിയിൽ നിന്നുള്ള 22701 രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. 1,56,994/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
പ്രോജക്ട് നം.65 പേര്- കുഴൽക്കിണർ മെയിന്റനൻസ് അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് 4,90,500/- ചെലവ്-ബിൽ നം. 340/27.2.2024-3,35,528/-	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്
